12
2025
ആഗസ്റ്റ്
ചൊവ്വ
കർക്കിടകം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 206 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-206 പേജ് 4. വില 2.00 രൂപ

02 തിരുവനന്തപുരം-ഡൽഹി വിമാനത്തിന് ചെന്നൈയിൽ അടിയന്തര ലാൻഡിംഗ്

03 സിന്ധു നദിയിൽ അണക്കെട്ട് നിർമിച്ചാൽ തകർക്കുമെന്ന് പാക് സൈനിക മേധാവി

04 ഇണങ്ങുമ്പോൾ മധുരിക്കുന്ന പിണക്കങ്ങൾ...

# പ്രതിഷേധക്കടലായി തലസ്ഥാനം

## ● ഭരണഘടന സംരക്ഷിക്കാനുള്ള സമരമെന്ന് രാഹുൽ;
## ● പ്രതിഷേധക്കടലായി തലസ്ഥാനം, എംപിമാരെ അറസ്റ്റ് ചെയ്തുനീക്കി




ന്യൂഡൽഹി: വോട്ടർ പട്ടികയിലെ ക്രമക്കേട് ആരോപിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലേക്ക് പ്രതിപക്ഷ എംപിമാർ നടത്തിയ പ്രതിഷേധ മാർച്ച് ഇന്ത്യാ മുന്നണിയുടെ ശക്തിപ്രകടനമായി.

രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, അഖിലേഷ് യാദവ്, കനിമൊഴി, സുപ്രിയ സുലേ തുടങ്ങി 300 എംപിമാരാണ് മാർച്ചിൽ പങ്കെടുത്തത്.

രാവിലെ 11.30 ഓടെ പാർലമെൻറിൽനിന്ന് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കാൽനടയായി ആരംഭിച്ച മാർച്ച് ട്രാൻസ്പോർട്ട് ഭവനുമുന്നിൽവച്ച് ഡൽഹി പോലീസ് തടഞ്ഞു. ബാരിക്കേ!ഡ് ചാടിക്കടക്കാൻ എംപിമാർ ശ്രമിച്ചതോടെ സംഘർഷത്തിൽ കലാശിച്ചു. പിരിഞ്ഞുപോകണമെന്ന് പോലീസ് എംപിമാരോട് ആവശ്യപ്പെട്ടെങ്കിലും പ്രതിഷേധക്കാർ തയാറായില്ല.

ഇതിനു പിന്നാലെ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ച എംപിമാരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കിയതോടെ വാഹനത്തിലിരുന്നും ഇവർ പ്രതിഷേധ മുദ്രാവാക്യം ഉയർത്തി. ഭരണഘടന ഉയർത്തിപ്പിടിച്ചാണ് പ്രിയങ്കാ ഗാന്ധി പോലീസ് വാഹനത്തിലേക്ക് കയറിയത്. മാർച്ചിനിടെ മഹുവ മൊയ്ത്ര ഉൾപ്പെടെയുള്ള എംപിമാർക്ക് ദേഹാസ്വാസ്ഥ്യമുണ്ടായി. പ്രതിഷേധത്തിനിടെ മിതാലി ബാഗ് എംപി കുഴഞ്ഞുവീണു.

രാഷ്ട്രീയ പോരാട്ടമല്ലെന്നും ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടമാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. സത്യം രാജ്യത്തിന് മുന്നിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനാധിപത്യം വിജയിക്കുമെന്ന് മല്ലികാർജുൻ ഖാർഗെയും പ്രതികരിച്ചു.

അതേസമയം, തെരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിക്കാഴ്ച നടത്തേണ്ടെന്ന് പ്രതിപക്ഷം തീരുമാനിച്ചു. 30 പേരുമായി കൂടിക്കാഴ്ച നടത്താമെന്ന് നേരത്തെ തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചതോടെയാണിത്.

ഇതിനിടെ, വോട്ടർ പട്ടിക ക്രമക്കേടിൽ രാജ്യ വ്യാപക പ്രക്ഷോഭത്തിന് രൂപം നൽകാൻ കോൺഗ്രസ് എഐസിസി ജനറൽ സെക്രട്ടറിമാരുടെയും സംസ്ഥാന ചുമതലയുള്ള നേതാക്കന്മാരുടെയും ഇന്ന് യോഗം ചേരുന്നുണ്ട്.

വൈകുന്നേരം നാലരക്ക് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുടെ അധ്യക്ഷതയിലാണ് യോഗം.



## മുതലപൊഴിയിൽ അഴിമുഖത്ത് മത്സ്യബന്ധന ബോട്ട് മറിഞ്ഞ് രണ്ട് പേർ മരിച്ചു

ചിറയിൻകീഴ്: മുതലപൊഴിയിൽ അഴിമുഖത്ത് മത്സ്യബന്ധന ബോട്ട് മറിഞ്ഞ് രണ്ട് പേർ മരിച്ചു. മുന്ന്പേർക്ക് പരിക്ക്. ചിറയിൻകീഴ് കടകം എ പി തോപ്പിൽ ഷിജിൻ എന്ന് വിളിക്കുന്ന ജോസഫ്(13) അഞ്ചുതെങ്ങ് കുന്നുംപുറം വീട്ടിൽ മൈക്കിൽ((68) എന്നിവരാണ് മരിച്ചത്. വള്ളത്തിലുണ്ടായിരുന്ന അഞ്ചുതെങ്ങ് സ്വദേശികളായ ജിനു, അനു, സുജിത്ത് എന്നിവർക്ക് പരിക്കേറ്റു. ഇന്നലെ വൈകുന്നേരം 6 മണിയ്ക്കാണ് അപകടം നടന്നത്. മുതലപൊഴി അഴിമുഖം മുഖത്ത് നിന്ന് ചെറിയ വള്ളത്തിൽ മത്സ്യബന്ധനത്തിനായി കടലിയേക്ക് പോകുന്ന വഴി അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽ വള്ളം മറിയുകയായിരുന്നു. സമീപത്തുണ്ടായ വള്ളങ്ങളാണ് രക്ഷാപ്രവർത്തനം നടത്തിയത്. ജോസഫ് സംഭവസ്ഥലത്ത് വെച്ച് തന്നെ മരണപ്പെട്ടു. മൈക്കിൾ ആശുപത്രിയിലേയ്ക്കുള്ള യാത്ര മധ്യേയാണ് മരണം സംഭവിച്ചത്. അഞ്ചുതെങ്ങ് സ്വദേശി അനുവിന്റെ ഉടമസ്ഥതയിലുള്ള കർമ്മല മാത വള്ളമാണ് അപകടത്തിൽപ്പെട്ടത്.

## വിദ്യാർഥിനിയുടെ മരണം: റമീസ് അറസ്റ്റിൽ, കുടുംബാംഗങ്ങളെയും പ്രതിചേർത്തേക്കും

കോതമംഗലം: ടിടിസി വിദ്യാർഥിനി സോന എൽദോസിന്റെ ആത്മഹത്യയിൽ ആൺസുഹൃത്തായ റമീസ് അറസ്റ്റിൽ. ഉച്ചയോടെയാണ് റമീസിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

ആത്മഹത്യാ പ്രേരണ, ദേഹോപദ്രവം ഏൽപ്പിക്കൽ, വിവാഹ വാഗ്ദാനം നൽകി പീഡനം തുടങ്ങിയ കുറ്റങ്ങളാണ് റമീസിനെതിരേ ചുമത്തിയിരിക്കുന്നത്. ഇയാളുടെ കുടുംബാംഗങ്ങളെയും കേസിൽ പ്രതിചേർത്തേക്കും.

വിദ്യാർഥിനിയുടെ മരണത്തിൽ റമീസിനെതിരേ വ്യക്തമായ തെളിവുകൾ ലഭിച്ചതോടെയാണ് പോലീസ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. സോനയെ മർദിച്ചതിന്റെ തെളിവുകളും പോലീസ് കണ്ടെടുത്തു.

ഇരുവരും തമ്മിലുള്ള വാട്സാപ്പ് ചാറ്റിൽനിന്നാണ് ഈ തെളിവുകൾ ലഭിച്ചത്. ജീവനൊടുക്കുമെന്ന് സോന പറഞ്ഞപ്പോൾ, ചെയ്തോളാൻ റമീസ് പറഞ്ഞതിന്റെ തെളിവുകളും വാട്സാപ്പ് ചാറ്റുകളിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇയാൾ നെടുമ്പാശേരി വിമാനത്താവളത്തിലെ താത്കാലിക ജീവനക്കാരനാണ്.

മൂവാറ്റുപുഴ ഗവ. ടിടിഐ വിദ്യാർഥിനിയും കോതമംഗലം കറുകടം ഞാഞ്ഞൂൾമല നഗറിൽ കടിഞ്ഞുമ്മേൽ പരേതനായ എൽദോസിന്റെ മകളുമായ സോനയെ ശനിയാഴ്ച ഉച്ചയ്ക്കാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഇതിനുപിന്നാലെയാണ് സോനയുടെ ആത്മഹത്യാക്കുറിപ്പ് വീട്ടിൽനിന്ന് കണ്ടെടുത്തത്.

ആൺസുഹൃത്തായ റമീസും ഇയാളുടെ കുടുംബവും മതംമാറാൻ നിർബന്ധിച്ചും വീട്ടിൽ പൂട്ടിയിട്ട് ഉപദ്രവിച്ചെന്നും ഉൾപ്പെടെയുള്ള ഗുരുതരമായ ആരോപണങ്ങളാണ് കുറിപ്പിലുള്ളത്.

## ഓൺലൈൻ മദ്യം വേണ്ട; ബെവ്കോ ശിപാർശ തള്ളി

തിരുവനന്തപുരം: ബെവ്കോയുടെ ഓൺലൈൻ മദ്യ വിതരണ ശിപാർശയ്ക്ക് ചെക്ക് വച്ച് സർക്കാർ. ബാറുടമകളുടെ എതിർപ്പും തെരഞ്ഞെടുപ്പ് അടുത്തിരിക്കെ കുടുതൽ വിവാദങ്ങളിലേക്ക് പോകുന്നത് തെരഞ്ഞെടുപ്പ് വിജയത്തെ ബാധിക്കുമെന്ന വിലയിരുത്തലിലുമാണ് ബെവ്കോയുടെ ശിപാർശ സർക്കാർ തള്ളിയത്.

മൊബൈൽ ആപ്പിലൂടെ ഓൺലൈനായി ബുക്ക് ചെയ്യുന്നവർക്ക് വീടുകളിൽ മദ്യം എത്തിക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ടാണ് ബെവ്കോ സർക്കാരിന് ശിപാർശ നൽകിയത്. ബെവ്കോ എംഡി. ഹർഷിത അട്ടല്ലൂരിയാണ് ഇത് സംബന്ധിച്ച് ശിപാർശ നൽകിയത്.

23 വയസ് പൂർത്തിയായവർക്ക് മാത്രമായിരിക്കും മദ്യം ബുക്ക് ചെയ്യാൻ സാധിക്കുകയുള്ളുവെന്നായിരുന്നു ശിപാർശ. മദ്യം ബുക്ക് ചെയ്യുന്നതിന് പ്രത്യേക മൊബൈൽ ആപ്പും ബെവ്കോ തയാറാക്കിയിരുന്നു. പ്രായം തിരിച്ചറിയാനുള്ള രേഖകൾ സഹിതമാണ് ബുക്ക് ചെയ്യേണ്ടതെന്നായിരുന്നു ബെവ്കോയുടെ തീരുമാനം.

ബെവ്കോയുടെ നിലവിലുള്ള ശിപാർശ സർക്കാർ നടപ്പിലാക്കിയാൽ ബാറുകളിലെ വരുമാനം കുറയുമെന്നും അത് തങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് ബാറുടമകളും സർക്കാരിനെ ധരിപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും നിയമസഭ തെരഞ്ഞെടുപ്പും അടുത്തിരിക്കെ പുതിയ വിവാദങ്ങൾ വിജയസാധ്യതയെയും തുടർ ഭരണത്തെയും ബാധിക്കുമെന്ന വിലയിരുത്തലിലാണ് ബെവ്കോയുടെ തീരുമാനം തള്ളിയത്.

മൂന്ന് വർഷങ്ങൾക്ക് മുൻപ് ബെവ്കോ ഇത്തരത്തിൽ ഒരു നീക്കം നടത്തിയിരുന്നുവെങ്കിലും പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ എതിർപ്പിനെത്തുടർന്ന് പിൻമാറുകയായിരുന്നു. ബെവ്കോയുടെ വരുമാനം വർധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് വീണ്ടും മദ്യം ഡോർ ഡെലിവറിയായി എത്തിക്കാനുള്ള തീരുമാനവുമായി മുന്നോട്ട് വന്നത്. മദ്യ വിതരണത്തിനായി വിവിധ കമ്പനികളുമായി ചർച്ചകളും ഇതിനോടകം ബെവ്കോ നടത്തിയിരുന്നു.

## അധിക വായ്പയ്ക്ക് അനുമതിവേണം; ബാലഗോപാൽ കേന്ദ്രമന്ത്രിക്ക് കത്തയച്ചു

തിരുവനന്തപുരം: 6000 കോടി രൂപയുടെ അധിക വായ്പയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മന്ത്രി കെ. എൻ. ബാലഗോപാൽ കേന്ദ്ര മന്ത്രി നിർമലാ സീതാരാമന് കത്തയച്ചു.

ദേശീയ പാത വികസനത്തിന് ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് കിഫ്ബി വഴിയെടുത്ത വായ്പ സംസ്ഥാനത്തിന്റെ കട പരിധിയിൽ നിന്ന് വെട്ടിക്കുറച്ചിരുന്നു. ഈ വകയിലാണ് അധിക വായ്പ ആവശ്യപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾക്ക് ഗ്യാരണ്ടിയായി ഗ്യാരണ്ടി റിഡംഷൻ ഫണ്ട് രൂപീകരിക്കണമെന്ന് നിർദ്ദേശം പാലിക്കാത്തതിനാൽ ഈ സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയിൽ നിന്ന് 3323 കോടി കേന്ദ്രം വെട്ടി കുറച്ചിരുന്നു.

## കേന്ദ്ര ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ചയിലാണ്: വിമർശനങ്ങൾക്ക് മറുപടിയുമായി സുരേഷ് ഗോപി

ന്യൂഡൽഹി: കന്യാസ്ത്രീകളുടെ അറസ്റ്റിനു പിന്നാലെ കേന്ദ്രമന്ത്രിയെ കാണാനില്ലെന്ന വിമർശനങ്ങൾക്കും ട്രോളുകൾക്കും മറുപടിയുമായി സുരേഷ് ഗോപി എംപി. പാർലമെൻറിൽ പെട്രോളിയം മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഇന്ന് നടത്തിയ ചർച്ചയുടെ ചിത്രങ്ങൾ അദ്ദേഹം ഫേസ്ബുക്കിൽ പങ്കുവച്ചു.

രാജ്യസഭയിൽ ഇന്ന് ചർച്ച ചെയ്യുന്ന പ്രധാനമന്ത്രി ഉജ്ജ്വല യേജന പദ്ധതിയുമായി ബന്ധപ്പെട്ടാണ് പെട്രോളിയം മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതെന്ന് സുരേഷ് ഗോപി കുറിപ്പിൽ പറയുന്നു.

## നേതൃത്വവുമായി അഭിപ്രായ വ്യത്യാസം; സജി നന്ത്യാട്ട് ഫിലിം ചേംബർ ജനറൽ സെക്രട്ടറി സ്ഥാനം രാജിവച്ചു

കൊച്ചി: സംഘടനാ നേതൃത്വത്തിലെ ചിലരുമായുള്ള അഭിപ്രായ ഭിന്നതകളെ തുടർന്ന് സജി നന്ത്യാട്ട് ഫിലിം ചേംബർ ജനറൽ സെക്രട്ടറി സ്ഥാനംരാജിവച്ചു. പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവാദങ്ങളിൽ സജി നന്ത്യാട്ട് സാന്ദ്ര തോമസിനെ പിന്തുണച്ചിരുന്നു.

പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ പ്രസിഡൻറ്, ട്രഷറർ സ്ഥാനങ്ങളിലേക്ക് മത്സരിക്കാൻ സാന്ദ്ര തോമസ് സമർപ്പിച്ച പത്രിക വരണാധികാരി തള്ളിയിരുന്നു. ചുരുങ്ങിയത് മൂന്നു സിനിമകൾ എങ്കിലും നിർമിച്ചാൽ മാത്രമേ അസോസിയേഷനിലെ മുഖ്യ സ്ഥാനങ്ങളിലേക്ക് ഒരു അംഗത്തിന് മത്സരിക്കാനാവൂ.

ഈ നിയമാവലി ചൂണ്ടിക്കാട്ടിയാണ് വരണാധികാരി പത്രിക തള്ളിയത്. സാന്ദ്ര തോമസിന്റെ ഉടമസ്ഥതയിൽ നിലവിലുള്ള നിർമാണ കമ്പനിയായ സാന്ദ്ര തോമസ് പ്രൊഡക്ഷൻസ് രണ്ട് ചിത്രങ്ങൾ മാത്രമേ നിർമിച്ചിട്ടുള്ളൂ എന്നായിരുന്നു വരണാധികാരിയുടെ കണ്ടെത്തൽ.



# ഹൃദയമാണ് ഹൃദ്യം: മാഡം ഇതുപോലെ ഒരു മോൾ എനിക്കും ഉണ്ട്

## കാത്തിരിപ്പിന് വിരാമമിട്ട് മന്ത്രിയുടെ അടിയന്തര ഇടപെടൽ

ഹൃദ്യം പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തി ഒരു മാസം കഴിഞ്ഞിട്ടും മറുപടിയില്ലെന്ന പരാതിയിൽ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ അടിയന്തര ഇടപെടൽ. ആലപ്പുഴയിൽ പിതാവിന്റെയും രണ്ടാനമ്മയുടെയും മർദ്ദനത്തിനിരയായ കുട്ടിയെ സന്ദർശിച്ചശേഷം മന്ത്രി പങ്കുവെച്ച കുറിപ്പിന് താഴെയാണ് ഹൃദ്യം പദ്ധതിയിൽ നേരിട്ട ബുദ്ധിമുട്ടിനെക്കുറിച്ച് രക്ഷിതാവായ പ്രകാശ് പങ്കുവെച്ചത്. അദ്ദേഹം നേരിട്ട ബുദ്ധിമുട്ടിൽ മന്ത്രി ഖേദം അറിയിക്കുകയും സത്വര നടപടിയ്ക്ക് നിർദേശം നൽകുകയും ചെയ്തു.

'മാഡം ഇതുപോലെ ഒരു മോൾ എനിക്കും ഉണ്ട് ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി 2020ൽ ആദ്യത്തെ സർജറി ലിസി ഹോസ്പിറ്റലിൽ ചെയ്തു. ഇപ്പോൾ ലിസി ഹൃദ്യത്തിൽ നിന്നും ഒഴിവായപ്പോൾ അമൃതയിലാണ് കാണിക്കുന്നത്. ഇപ്പോൾ അവിടെത്തെ ഡോക്ടർ പറയുന്നത് ഉടനെ കാത്ത് ചെയ്യണമെന്നാണ്. ഞാൻ പാലക്കാട് ഹൃദ്യത്തിൽ കാത്തിരിപ്പുള്ള രജിസ്ട്രേഷൻ ചെയ്തിട്ട് ഒരു മാസമായി. അവർ ഉടനെ റെഡി ആവും എന്നു പറയുന്നതല്ലാതെ വേറെ ഒന്നും പറയുന്നില്ല. ഡോക്ടർമാർ പറയുന്നത് ഉടനെ കാത്ത് ചെയ്യണമെന്നാണ്. മാഡത്തിന് ഇതിൽ ഒന്നു ഇടപ്പെടാൻ സാധിക്കുമോ.' എന്നായിരുന്നു പ്രകാശിന്റെ കമന്റ്. ഉടൻ തന്നെ മന്ത്രി അദ്ദേഹത്തിന് മറുപടി നൽകി. 'സ്റ്റേറ്റ് നോഡൽ ഓഫീസർ അങ്ങയെ കോൺടാക്ട് ചെയ്യും. അങ്ങേയ്ക്കുണ്ടായ ബുദ്ധിമുട്ടിൽ ഖേദം അറിയിക്കുന്നു. ലിസി ഹോസ്പിറ്റൽ നിലവിൽ ഹൃദ്യം എംപാനൽഡ് തന്നെയാണ്. എന്താണ് ഉണ്ടായതെന്ന് പരിശോധിച്ചു പരിഹരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്'

തുടർന്ന് മന്ത്രി ഹൃദ്യം സ്റ്റേറ്റ് നോഡൽ ഓഫീസറെ വിളിച്ച് അടിയന്തരമായി ഇടപെടാൻ നിർദേശം നൽകി. അൽപസമയത്തിനുള്ളിൽ പ്രകാശിന്റെ മറുപടി വന്നു. 'മാഡം വളരെയധികം നന്ദി. പാലക്കാട് നോഡൽ ഓഫീസർ വിളിച്ചിട്ടുണ്ടായിരുന്നു. ചൊവ്വാഴ്ച തന്നെ അപ്പോയിന്റ്മെന്റ് തരുകയും ചെയ്തു. നന്ദി മാഡം. ജീവിതത്തിൽ മറക്കില്ല മാഡത്തിനെയും ഈ ഗവൺമെന്റിനെയും.'

# ടെക്നോപാർക്ക് ഫേസ് ഫോറിലെ 8 ലക്ഷം ചതുരശ്ര അടി കെട്ടിട നിർമ്മാണത്തിനായി സഹനിർമ്മാതാക്കളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചു

## ക്വാഡ് പദ്ധതിയിലെ രണ്ടാമത്തെ കെട്ടിടത്തിന് ഇഒഐ സമർപ്പിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 18



തിരുവനന്തപുരം: ഇന്റഗ്രേറ്റഡ് ഐടി മൈക്രോ-ടൗൺഷിപ്പ് പദ്ധതിയായ ക്വാഡിൽ ഉൾപ്പെടുത്തി ടെക്നോപാർക്ക് ഫേസ്-4 (ടെക്നോസിറ്റി, പള്ളിപ്പുറം) കാമ്പസിൽ നിർമ്മിക്കുന്ന രണ്ടാമത്തെ ഐടി ഓഫീസ് കെട്ടിടത്തിനായി സഹനിർമ്മാതാക്കളിൽ നിന്ന് ടെക്നോപാർക്ക് താൽപര്യപത്രം (ഇഒഐ) ക്ഷണിച്ചു.

ഐടി പ്രൊഫഷണലുകൾക്ക് റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകളും ഷോപ്പിംഗും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭിക്കുന്ന ലൈവ്-വർക്ക്-പ്ലേ കാമ്പസായിട്ടാണ് കെട്ടിടം വിഭാവനം ചെയ്തിരിക്കുന്നത്. 8 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ളതും ഏകദേശം 4.50 ഏക്കർ ഭൂമിയിൽ ദീർഘ കാലത്തേക്ക് പാട്ടത്തിനെടുക്കുന്നതുമാണ് (കേസ് ടു കേസ് അടിസ്ഥാനത്തിൽ 90 വർഷം) രണ്ടാമത്തെ ഐടി കെട്ടിടം.

ക്വാഡ് പദ്ധതിയിലെ ആദ്യത്തെ ഐടി കെട്ടിടം ബിഡ് മൂല്യനിർണയ ഘട്ടത്തിലാണ്. ഈ പദ്ധതിക്കുള്ള ആകെ ഭൂമി ഏകദേശം 30 ഏക്കറാണ്. ഇത് നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.ഐടി സഹ-ഡെവലപ്പർ/ബിൽഡർ/ഡെവലപ്പർ എന്നിവർക്ക് രാജ്യത്തെ ഏറ്റവും വലുതും പരിസ്ഥിതി സൗഹൃദവുമായ ഐടി പാർക്കുകളിൽ ഒന്നായ ടെക്നോപാർക്കുമായി പങ്കാളിത്തം സ്ഥാപിക്കാനും ഐടി/ഐടി അധിഷ്ഠിത കമ്പനികൾക്കൊപ്പം പ്രവർത്തിക്കാനും സാധിക്കും. നിലവിൽ ഏകദേശം 125 കമ്പനികൾ ടെക്നോപാർക്കിൽ ഐടി സ്ഥലത്തിനായി കാത്തിരിക്കുകയാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ/പബ്ലിക് ലിമിറ്റഡ് കമ്പനിയായിരിക്കണം. ഇത് കുറഞ്ഞത് അഞ്ച് വർഷത്തേക്ക് ഇന്ത്യയിൽ പ്രവർത്തിച്ചിരിക്കണം. സംയുക്ത സംരംഭം / സംയുക്ത അപേക്ഷ / കൺസോർഷ്യം എന്നിവ സ്വീകരിക്കില്ല. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും 35 കോടി രൂപയുടെ വാർഷിക വിറ്റുവരവ് നേടിയിരിക്കണം.ബിഡ്ഡർക്ക് കുറഞ്ഞത് 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സമാനമായ പദ്ധതി വിജയകരമായി പൂർത്തിയാക്കിയ പരിചയം ഉണ്ടായിരിക്കണം. അല്ലെങ്കിൽ കുറഞ്ഞത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടങ്ങൾ/വാണിജ്യ/ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ രണ്ട് പ്രോജക്ടുകളോ രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടങ്ങൾ/വാണിജ്യ/ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ മൂന്ന് പ്രോജക്ടുകളോ പൂർത്തിയാക്കിയിരിക്കണം. ഇവ ഉൾപ്പെടെ കഴിഞ്ഞ ഏഴ് വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ബിഡിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തണം.കൂടുതൽ വിവരങ്ങൾക്ക് : http://www.technopark.in/Tenders

2025 സെപ്റ്റംബർ 18 ന് വൈകുന്നേരം 5 മണി വരെ താൽപര്യപത്രം സമർപ്പിക്കാം. ഇത് സംബന്ധിച്ച വ്യക്തതകൾക്കായി ഓഗസ്റ്റ് 28 ന് വൈകുന്നേരം 4 മണിക്ക് ഓൺലൈനായും ഓഫ്‌ലൈനായും മീറ്റിംഗ് നടത്തും. ഈ ലിങ്ക് ഉപയോഗിച്ച് മീറ്റിംഗിൽ ചേരാം:https://us02web.zoom.us/j/81260762451?pwd=xh2RvHj3bK3zPr4ee5q4tTF5Hr5xAq.1 (മീറ്റിംഗ് ഐഡി: 812 6076 2451, പാസ്കോഡ്: 766219). ഇതു സംബന്ധിച്ച സംശയങ്ങൾക്കും വിവരങ്ങൾക്കും: rahul@technopark.in / madhavan_praveen@technopark.in

# നിപ്മറിൽ അനിമൽ അസിസ്റ്റഡ് തെറാപ്പിയ്ക്ക് തുടക്കം: മന്ത്രി ഡോ. ബിന്ദു

സാമൂഹ്യനീതിവകുപ്പിനു കീഴിൽ ഇരിഞ്ഞാലക്കുട കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ അനിമൽ അസിസ്റ്റഡ് തെറാപ്പി ആരംഭിച്ചതായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

പരിശീലനം സിദ്ധിച്ച മൃഗങ്ങളുടെ സഹായത്തോടെയുള്ള പുതിയ ചികിത്സാരീതിയാണ് അനിമൽ അസിസ്റ്റഡ് തെറാപ്പി. നിപ്മറിലെ ഒക്യുപ്പേഷണൽ തെറാപ്പി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ നൂതന ചികിത്സാ സമ്പ്രദായം ആരംഭിച്ചിരിക്കുന്നത്.

നായകൾ, മുയൽ ഉൾപ്പെടെയുള്ള ചെറുമൃഗങ്ങൾ, ആട്, പശു, കുതിര ഉൾപ്പടെയുള്ള മറ്റ് മൃഗങ്ങൾ എന്നിവയെ ഉപയോഗിച്ച് തെറാപ്പി ചെയ്യാൻ കഴിയും.

തുടക്കം എന്ന നിലയിൽ ഒരു അനിമൽ ട്രെയിനറുടെ നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ച നായയെയാണ് എല്ലാത്തരം ശുചിത്വ, ആരോഗ്യ, ചികിത്സാ മുൻകരുതലുകൾ പാലിച്ചുകൊണ്ട് തെറാപ്പിക്കായി പ്രയോജനപ്പെടുത്തുന്നത്.

സെൻസറി പ്രശ്നമുള്ള കുട്ടികളുടെ പെരുമാറ്റപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുട്ടികളെ ഉത്കണ്ഠ, ഹൈപ്പർ ആക്ടിവിറ്റി, ശ്രദ്ധക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സാമൂഹ്യ ഇടപെടൽ വർധിപ്പിക്കുന്നതിനും ഈ ചികിത്സാ രീതി ഫലപ്രദമാണ് - മന്ത്രി പറഞ്ഞു.

# നിമിഷപ്രിയയുടെ ശിക്ഷായിളവിന് ശ്രമിച്ചത് കടമ: കാന്തപുരം

പാലക്കാട്: മതത്തിന്റെയും രാജ്യത്തിന്റെയും സാധ്യതകൾ ഉപയോഗിച്ചാണ് യെമനിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട നിമിഷപ്രിയയുടെ ശിക്ഷായിളവിനുവേണ്ടി ശ്രമം നടത്തിയതെന്ന് കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ. പാലക്കാട്ട് എസ്എസ്എഫ് കേരള സാഹിത്യോത്സവ് സമാപനസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നല്ല മനുഷ്യരായ അനേകം ആളുകൾ ഉദ്യമത്തെ പിന്തുണച്ചു. പലരും പിന്നീട് ക്രെഡിറ്റിനുവേണ്ടി ഇടപ്പെട്ടു. നമ്മുടെ കടമ മാത്രമാണു നിർവഹിച്ചത്. നമുക്കു ക്രെഡിറ്റിന്റെ ആവശ്യമില്ല. നമുക്ക് ഇവിടെ മതവിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തിയാൽ മതി.

വിദ്യാഭ്യാസപ്രവർത്തനം നടത്തിയാൽ മാത്രമേ രാജ്യം ഇവിടെ നിലനിൽക്കൂ. മുസ്‌ലിം ആണെന്നതിന്റെ പേരിൽ നമ്മളെ ആരും ഇവിടെനിന്ന് ഇറക്കിവിടില്ല. അങ്ങനെ ആരും പേടിക്കേണ്ടതില്ല. ഒരു മതത്തിന്റെയും ആശയങ്ങൾ ആരിലും അടിച്ചേൽപ്പിക്കരുത്. പ്രയാസപ്പെടുന്ന മനുഷ്യർക്ക് ആശ്വാസവും സമാധാനവും തുല്യതയും ലാഭിക്കാനായി ഏവരും ഇടപെടണമെന്നും കാന്തപുരം അഭിപ്രായപ്പെട്ടു.

# സഹപ്രവർത്തകർ പിന്നിൽ നിന്നു കുത്തുമെന്നു കരുതിയില്ല, ലോകം മുഴുവൻ കള്ളനായി ചിത്രീകരിച്ചു': ഡോ. ഹാരിസ് ചിറക്കൽ

തിരുവനന്തപുരം: വിവാദങ്ങളിൽ സഹപ്രവർത്തകർക്കെതിരേ പ്രതികരണവുമായി ഡോ. ഹാരിസ് ചിറയ്ക്കൽ. മുപ്പതിലേറെ വർഷമായി കാണുന്നവരാണ്, അവർ പിന്നിൽനിന്ന് കുത്തുമെന്ന് വിചാരിച്ചില്ല. എന്തിനാണ് അവർ എന്നോട് അങ്ങനെ പെരുമാറിയതെന്ന് അറിയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. ലോകം മുഴുവൻ തന്നെ കള്ളനായി ചിത്രീകരിച്ചു. അവസ്ഥ മനസിലാക്കാതെ കൂടുതൽ സമ്മർദ്ദത്തിലാക്കി, തെറ്റായ റിപ്പോർട്ട് മുകളിലേക്ക് കൊടുത്തു. അത് ചെയ്യാൻ പാടില്ലായിരുന്നു. കീഴുദ്യോഗസ്ഥൻ എന്ന നിലയ്ക്ക് അവർക്ക് എന്നോട് കാര്യങ്ങൾ നേരിട്ട് ചോദിക്കാവുന്നതേ ഉള്ളൂ. വിശദീകരണം തേടിയ ശേഷം മാത്രം കാര്യങ്ങൾ തീരുമാനിച്ചാൽ മതിയായിരുന്നുവെന്നും നീതികേടുണ്ടായെന്നും ഡോ. ഹാരിസ് കൂട്ടിച്ചേർത്തു.

ഞാൻ ഉന്നയിച്ച പ്രശ്നങ്ങൾ മനസിലാക്കേണ്ട എന്റെ അതേ ഉത്തരവാദിത്തം ഉള്ളവർ തന്നെ എന്നെ ശത്രുവായി കണ്ടു. അവർക്കു വേണ്ടികൂടിയാണ് ഞാൻ ഇതെല്ലാം പറഞ്ഞത്. അതു പോലും അവർ അനസിലാക്കിയില്ല എന്നത് ബുദ്ധിമുട്ടുണ്ടാക്കുകയും വിഷമിപ്പിക്കുകയും ചെയ്തു. അവരുമായി സഹകരിച്ചാണ് ഇനിയും ജോലി ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

നേരത്തെ, ചില സഹപ്രവർത്തകർ കുടുക്കാൻ നോക്കിയെന്ന് ഡോ. ഹാരിസ് കെജിഎംസിടിഎ വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവച്ചിരുന്നു. വെള്ളിത്തുട്ടുകൾക്കായി മരണത്തിലേക്ക് തള്ളിവിടാൻ ശ്രമിച്ചെന്നും അവർക്ക് കാലം മാപ്പു നൽകട്ടേയെന്നുമാണ് അദ്ദേഹം കുറിച്ചത്.

# സ്പോർട്സ് സ്കൂളുകളിൽ നിയമനം

കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളായ തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കോച്ചസ്, അസിസ്റ്റന്റ് കോച്ചസ്, സ്ട്രെങ്ത് ആൻഡ് കണ്ടിഷനിംഗ്, മെന്റർ കം ട്യൂട്ടർ എന്നിങ്ങനെ വിവിധ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട തസ്തികയിലേക്ക് ആവശ്യമായ യോഗ്യതയും മതിയായ പ്രവൃത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. ഫോറം dsya.kerala.gov.in ൽ ലഭ്യമാണ്. 16ന് വൈകിട്ട് 5ന് മുമ്പായി ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ്, ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: dsya.kerala.gov.in, 0471 2326644.

# കൽപ്പാത്തിയിൽ വ്യാപാരികളും യുവാക്കളും തമ്മിൽ സംഘർഷം, മൂന്ന് പേർക്ക് കുത്തേറ്റു

പാലക്കാട്: കൽപ്പാത്തിയിൽ വ്യാപാരികളും യുവാക്കളും തമ്മിലുണ്ടായ സംഘർഷത്തിൽ മൂന്ന് പേർക്ക് കുത്തേറ്റു. കത്രിക കൊണ്ടാണ് കുത്തേറ്റത്.

തോണിപ്പാളയം സ്വദേശി വിഷ്ണു (22), സുന്ദരം കോളനി സ്വദേശികളായ ഷാജി (29), ഷമീർ (31) എന്നിവർക്കാണ് കുത്തേറ്റത്. ഇവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൽപ്പാത്തി കുണ്ടംമ്പലത്തിന് സമീപത്ത് വച്ചായിരുന്നു സംഘർഷം. അമ്പലത്തിൽ എത്തിയ യുവതിയോട് പൂവ് വേണോയെന്ന് പൂക്കച്ചവടക്കാരനായ യുവാവ് ചോദിച്ചതിനെ ചൊല്ലിയായിരുന്നു സംഘർഷമെന്ന് പോലീസ് പറയുന്നു. ആക്രമണം നടത്തിയ മുണ്ടൂർ സ്വദേശിയെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇയാളുടെ സുഹൃത്തുക്കൾക്കായി അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.

# സപ്ലൈകോയിൽ ഇന്ന് മുതൽ ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 457 രൂപ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് മുതൽ ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 457 രൂപ. വെളിച്ചെണ്ണയുടെ വില കുതിച്ചുയരുന്നത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇന്ന് മുതൽ സപ്ലൈക്കോ ഔട്ട്‌ലറ്റുകൾ വഴി വിൽക്കുന്ന വെളിച്ചെണ്ണയാണ് ലിറ്ററിന് 457 രൂപ നിരക്കിൽ ലഭിക്കുന്നതെന്ന് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. ഒരു കാർഡിന് ഒരു ലിറ്റർ മാത്രമായിരിക്കും ലഭിക്കുക.സപ്ലൈക്കോയിൽ ശബരി വെളിച്ചെണ്ണയും ഒരു ലിറ്റർ ക്രമത്തിൽ വിൽക്കുമെന്ന് മന്ത്രി വ്യക്തമാക്കി. അധിക ലാഭം ഒഴിവാക്കാൻ സംരംഭകരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം കഴിഞ്ഞ ദിവസമാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കേരഫെഡ് ലാഭം ഒഴിവാക്കാമെന്നും ഹോൾസെയിൽ വില മാത്രമേ ഈടാക്കു എന്നും മന്ത്രി അറിയിച്ചു. സിപിഐ തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ വെളിച്ചെണ്ണയുൾപ്പെടെയുള്ള സാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ മന്ത്രി ജി. ആർ. അനിലിനെതിരെ രൂക്ഷ വിമർശനം ഉയർന്നിരുന്നു.

# കിലയിൽ ഇന്റേൺഷിപ് അവസരം

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവൃത്തിക്കുന്ന അസാപ് കേരളയുടെ പ്ലേസ്മെന്റ് പോർട്ടലിലൂടെ കില (ഗകഘഅ) യിലേക്ക് അസിസ്റ്റന്റ് എൻജിനിയർ കൺസൽട്ടന്റ് തസ്തികയിലേക്ക് ഇന്റേൺഷിപ്പ് അപേക്ഷ ക്ഷണിച്ചു.

ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15. സിവിൽ എൻജിനിയറിങ്ങിൽ 60 ശതമാനം മാർക്കോടെയുള്ള ബി.ടെക് ബിരുദമാണ് കുറഞ്ഞ യോഗ്യത. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://careerlink.asapkerala.gov.in/ ലിങ്ക് സന്ദർശിക്കുക.

# കണ്ണൂരിലെ കൂട്ടബലാത്സംഗം; പോക്സോ കേസിൽ മൂന്നു യുവാക്കൾ അറസ്റ്റിൽ

കണ്ണൂർ: കണ്ണൂരിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ പ്രതികളായ മൂന്നു യുവാക്കൾ അറസ്റ്റിൽ. ചൊവ്വ കനകവള്ളി റോഡ് സ്വദേശി വി. വി. സംഗീത് (20), എടചൊവ്വ ആനപ്പാലം ഗംഗോത്രിയിൽ കെ. അഭിഷേക് (20 ) വൈദ്യർ പീടിക സ്വദേശി പി. ആകാശ് (20)എന്നിവരാണ് പിടിയിലായത്. എടക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന 15 വയസുകാരിയായ പെൺകുട്ടിയുടെ പരാതിയിൽ പോക്സോ വകുപ്പ് പ്രകാരമാണ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തത്.സമൂഹ്യമാധ്യമ ങ്ങളിലൂടെ പരിചയപ്പെട്ട പെൺകുട്ടിയ പ്രണയം നടിച്ച് ആറു മാസം മുന്പ് കണ്ണൂരിലെ ലോഡ്ജിലെത്തിച്ച് ബലപ്രയോഗത്തിലൂടെ മയക്കി കിടത്താനുള്ള ദ്രാവകം കുടിപ്പിച്ചു പീഡിപ്പിച്ചുവെന്നായിരുന്നു പരാതി.

# തിരുവനന്തപുരം – ഡൽഹി വിമാനത്തിന് ചെന്നൈയിൽ അടിയന്തര ലാൻഡിംഗ്; യാത്രക്കാരിൽ അഞ്ച് എംപിമാരും

തിരുവനന്തപുരം: തിരുവനന്തപുരം-ഡൽഹി വിമാനത്തിന് ചെന്നൈ വിമാനത്താവളത്തിൽ അടിയന്തര ലാൻഡിംഗ്. റഡാറുമായുള്ള ബന്ധത്തിൽ തകരാർ നേരിട്ടതിനെ തുടർന്നാണ് എയർ ഇന്ത്യ 2455 വിമാനം അടിയന്തര ലാൻഡിംഗ് നടത്തിയത്.

രാത്രി 7.15ന് തിരുവനന്തപുരത്ത് നിന്ന് പറന്നുയരേണ്ട വിമാനം അരമണിക്കൂറോളം വൈകിയാണ് പുറപ്പെട്ടത്. ഒരു മണിക്കൂർ പറന്നശേഷം സാങ്കേതിക തകരാർ കണ്ടെത്തിയതിനെ തുടർന്ന് ചെന്നൈയിൽ ലാൻഡ് ചെയ്യുകയായിരുന്നു. അതേസമയം ചെന്നൈയിൽ അടിയന്തര ലാൻഡിംഗിനു ശ്രമിക്കുന്നതിനിടെ റൺവേയിൽ മറ്റൊരു വിമാനം ഉണ്ടായിരുന്നു. ഇത് ശ്രദ്ധയിൽപെട്ട പൈലറ്റ് ലാൻഡിംഗ് ശ്രമം ഉപേക്ഷിച്ച് വീണ്ടും പറന്നുയർന്നതിനാൽ വലിയ അപകടം ഒഴിവായി. ഒരു മണിക്കൂറോളം ചെന്നൈ വിമാനത്താവളത്തിനു മുകളിലൂടെ പറന്ന ശേഷമാണ് വിമാനം ലാൻഡ് ചെയ്തതെന്നാണ് വിവരം. അഞ്ച് എംപിമാർ വിമാനത്തിൽ ഉണ്ടായിരുന്നു. കെ. സി. വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, അടൂർ പ്രകാശ്, കെ. രാധാകൃഷ്ണൻ, റോബർട്ട് ബ്രൂസ് എന്നിവരാണ് വിമാനത്തിലുണ്ടായിരുന്നത്.

യാത്രക്കാർ എല്ലാവരും സുരക്ഷിതരാണെന്ന് അധികൃതർ അറിയിച്ചു. 12.30ഓടെ മറ്റൊരു വിമാനം ഡൽഹിയിലേക്ക് തയാറാക്കുമെന്നും അധികൃതർ അറിയിച്ചു.

# എറണാകുളത്ത് രണ്ട് സ്കൂൾ വിദ്യാർഥികളെ കാണാതായി

കൊച്ചി: ആലുവയിൽ രണ്ട് സ്കൂൾ വിദ്യാർഥികളെ കാണാതായി. കരുമാലൂർ മനയ്ക്കപ്പടി സ്വദേശികളായ നിരജ് പ്രേംകുമാറിനെയും കാർത്തിക് സന്തോഷിനേയുമാണ് കാണാതായത്. ഇന്ന് വൈകുന്നേരം നാല് മുതലാണ് ഇരുവരേയും കാണാതായത്. രണ്ട് പേരും സൈക്കിളും ബാഗുമായിട്ടാണ് പോയിട്ടുള്ളത്. തങ്ങൾ നാടുവിടുകയാണെന്ന് ഇവർ എഴുതിവച്ച കത്ത് കണ്ടെത്തിയിട്ടുണ്ട്. സംഭവത്തിൽ ആലുവ വെസ്റ്റ് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# മുയൽ കിടന്നുറങ്ങിയിട്ട് ജയിച്ച ആമയെ കുറ്റപ്പെടുത്തിയിട്ടെന്ത് കാര്യം; വോട്ടർപട്ടിക വിവാദത്തിൽ എം. ടി. രമേശ്

തൃശൂർ: സുരേഷ് ഗോപിയുടെ വിജയത്തെ അവമതിക്കാനും ജനങ്ങളെ അപമാനിക്കുവാനും ആണ് കോൺഗ്രസും സിപിഎമ്മും ശ്രമിക്കുന്നതെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം. ടി. രമേശ്. ഒരു കൊല്ലക്കാലത്തെ സുരേഷ് ഗോപിയുടെ പ്രവർത്തനവും ബിജെപിയുടെ സംഘടനാ പ്രവർത്തനവുമാണ് വിജയമൊരുക്കിയതെന്നും രമേശ് പറഞ്ഞു. തൃശൂരിൽ സുരേഷ് ഗോപി വിജയിക്കില്ല എന്നായിരുന്നു മാധ്യമങ്ങളുടെ പോൾ സർവേ. ചില മാധ്യമങ്ങൾ സുരേഷ് ഗോപി മൂന്നാം സ്ഥാനത്ത് പോകുമെന്നും പറഞ്ഞു. തൃശൂരിൽ സുരേഷ് ഗോപിയുടെ വിജയത്തിന്റെ ഞെട്ടലിൽ നിന്ന് കോൺഗ്രസ്, സിപിഎം നേതൃത്വം മുക്തരായിട്ടില്ലെന്നും രമേശ് പ്രതികരിച്ചു. കുറച്ചുകാലം പൂരത്തിന്റെ പിറകെ ആയിരുന്നു. അത് ക്ലച്ച് പിടിക്കില്ല എന്ന് കണ്ടപ്പോഴാണ് വോട്ടർ പട്ടിക വിവാദവുമായി രംഗത്തുവരുന്നതെന്നും എം. ടി. രമേശ് കുറ്റപ്പെടുത്തി.

# എക്സൈസ് ഉദ്യോഗസ്ഥർ തമ്മിൽ കൈയാങ്കളി; പോലീസ് ഒരാളെ കസ്റ്റഡിയിലെടുത്തു

തിരുവനന്തപുരം: വർക്കല എക്സൈസ് ഓഫീസിൽ ഉദ്യോഗസ്ഥർ തമ്മിൽ കൈയാങ്കളി. പ്രിവൻറീവ് ഓഫീസർ ജെസീനും സീനിയർ ഉദ്യോഗസ്ഥനായ സൂര്യനാരായണനും തമ്മിലാണ് കൈയാങ്കളി നടന്നത്.

ഇന്ന് വൈകുന്നേരമാണ് സംഭവം ഉണ്ടായത്. വിവരമറിഞ്ഞ് വർക്കല പോലീസ് സ്ഥലത്തെത്തി. പ്രിവൻറീവ് ഓഫീസർ ജസീനെ കസ്റ്റഡിയിലെടുത്തു.

# കീമോതെറാപ്പി നഴ്സിംഗ്, മെഡിക്കൽ സെക്രട്ടറി കോഴ്സുകളിലേക്ക് അപേക്ഷിക്കാം

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവൃത്തിക്കുന്ന അസാപ് കേരള കണ്ണൂർ മലബാർ കാൻസർ സെന്ററുമായി ചേർന്ന് കീമോതെറാപ്പി നഴ്സിംഗ്, മെഡിക്കൽ സെക്രട്ടറി സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഓഗസ്റ്റ് 21. മെഡിക്കൽ സെക്രട്ടറി കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 6 മാസത്തെ പെയ്ഡ് ഇന്റേൺഷിപ്പിന് അവസരമുണ്ട്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും: https://asapkerala.gov.in/courses . ഫോൺ: 9495999741.

# താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2025-ലെ എൻജിനീയറിങ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ടം, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് എൻജിനീയറിങ് കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും. വിദ്യാർഥികൾക്ക് 'KEAM 2025-Candidate Portal' ലെ 'Provisional Allotment List' മെനു ക്ലിക്ക് ചെയ്ത് അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in.

# കേരളത്തിന്റെ 'ഹില്ലി അക്വ' ദുബായിലേക്ക്

## ഇന്ത്യയിൽ ആദ്യമായി ബയോ ഡിഗ്രേഡബിൾ കുപ്പികളിൽ കുടിവെള്ളം



കേരള സർക്കാരിന്റെ കുപ്പിവെള്ള ബ്രാൻഡായ ഹില്ലി അക്വ ദുബായിലേക്ക് കയറ്റുമതി ആരംഭിച്ചു. ദക്ഷിണേന്ത്യയിൽ നിന്ന് ദുബായിലേക്ക് കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്ന ഏക സ്ഥാപനമെന്ന നേട്ടം ഇതോടെ സംസ്ഥാന ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.ഐ.ഐ.ഡി.സി.) ഉടമസ്ഥതയിലുള്ള കുപ്പിവെള്ള ബ്രാൻഡായ ഹില്ലി അക്വ സ്വന്തമാക്കി. പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് കണ്ടെയ്നർ കുപ്പിവെള്ളം ഇതിനോടകം ദുബായിലേക്ക് കയറ്റുമതി ചെയ്തു കഴിഞ്ഞു. യു.എ.ഇ., സൗദി അറേബ്യ, ഒമാൻ, ബഹ്റൈൻ, ഖത്തർ, കുവൈറ്റ് തുടങ്ങിയ ജിസിസി രാജ്യങ്ങളിലേക്ക് ഹില്ലി അക്വയുടെ എല്ലാ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യാൻ അരോഹണ ജനറൽ ട്രേഡിംഗ് എൽ എൽ സി എന്ന യു.എ.ഇ. ആസ്ഥാനമായുള്ള കമ്പനിയുമായി ചർച്ചകൾ നടന്നു വരുന്നു.

തിരുവനന്തപുരത്ത് നടന്ന ഗ്ലോബൽ ട്രാവൽ മീറ്റിലാണ് കയറ്റുമതിക്കുള്ള ധാരണയായത്. 2024 ഒക്ടോബർ 1-ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ സാന്നിധ്യത്തിൽ കയറ്റുമതിയ്ക്കുള്ള ധാരണാപത്രം ഒപ്പുവച്ചു. ഭാവിയിൽ ആഗോള ടെൻഡറുകളിലൂടെ വിപണി സാധ്യതയുള്ള മറ്റ് വിദേശ രാജ്യങ്ങളിലെ വിതരണക്കാരെ കണ്ടെത്തി വിപണി വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്.

സംസ്ഥാനത്തിന് പുറത്തേക്കും ഹില്ലി അക്വയുടെ വിപണി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതുച്ചേരിയിലെ മാഹിയിൽ ഒരു വിതരണ കമ്പനിയുമായി കരാറിലേർപ്പെട്ടു. കൂടുതൽ അന്യസംസ്ഥാന വിതരണക്കാരുമായുള്ള ചർച്ചകളും പുരോഗമിക്കുന്നു.

പരിസ്ഥിതി മലിനീകരണം ഒഴിവാക്കാൻ ഇന്ത്യയിൽ ആദ്യമായി ബയോ ഡിഗ്രേഡബിൾ കുപ്പികളിൽ കുപ്പിവെള്ളം വിതരണം ചെയ്യാനുള്ള നടപടികൾ ഹില്ലി അക്വ ആരംഭിച്ചു. ഇതിന്റെ ട്രയൽ പ്രൊഡക്ഷൻ പുരോഗമിക്കുകയാണ്. ഗുണമേന്മയുള്ള ഐസ് ക്യൂബുകളുടെ വിതരണവും ഉടൻ ആരംഭിക്കും.ഹില്ലി അക്വ ആലുവയിൽ നിർമ്മിക്കുന്ന പ്ലാന്റ് 2025 ഡിസംബറിലും കോഴിക്കോട് ചക്കിട്ടപ്പാറയിലെയും ഇടുക്കിയിലെ കട്ടപ്പനയിലെയും പ്ലാന്റുകൾ 2026 ഫെബ്രുവരിയിലും കമ്മീഷൻ ചെയ്യും. പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 19 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. പുതിയ പ്ലാന്റുകളുടെ കമ്മീഷനിങ്ങോടുകൂടി പ്രതിമാസ ഉൽപാദനം 50 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ച് 25 കോടി വിറ്റുവരവ് എന്ന ലക്ഷ്യം കൈവരിക്കാനാകും. സർക്കാർ വിപണന സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിച്ചതിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം വിറ്റുവരവ് അഞ്ചു കോടി നിന്നും 11.4 കോടി രൂപയായി ഉയർത്താൻ സ്ഥാപനത്തിന് കഴിഞ്ഞു. കെ-സ്റ്റോർ, കൺസ്യൂമർഫെഡ്, കെ.ടി.ഡി.സി., നീതി മെഡിക്കൽ സ്റ്റോറുകൾ, ജയിൽ ഔട്ട്ലെറ്റുകൾ, കേരള കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഗുരുവായൂർ ദേവസ്വം, മെഡിക്കൽ കോളേജ് ഔട്ട്ലെറ്റ്, വനം വകുപ്പ് ഔട്ട്ലെറ്റ്, കെ.എസ്.ആർ.ടി.സി., കൂടാതെ 'സുജലം പദ്ധതി' പ്രകാരം കേരളത്തിലെ റേഷൻ കടകളിലൂടെ വിതരണം മെച്ചപ്പെടുത്തിയതും നേട്ടമായി. കൂടാതെ, മൂന്ന് വർഷത്തേക്ക് റെയിൽവേ വഴി വിൽപന നടത്താനും ധാരണയായിട്ടുണ്ട്. ഭൂഗർഭജലത്തിന് പകരം മലങ്കര, അരുവിക്കര ഡാമുകളിലെ ജലമാണ് ഹില്ലി അക്വ കുപ്പിവെള്ളം നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. ഇത്തരത്തിൽ ഉപരിതലജലത്തിൽ നിന്ന് ജലം ബോട്ടിലിംഗ് ചെയ്യുന്ന ഏക കുപ്പിവെള്ള സ്ഥാപനമാണ് ഹില്ലി അക്വ.

# ട്രംപിന്റെ താരിഫ് വർധന: വിമർശനവുമായി നിതിൻ ഗഡ്കരി

ന്യൂഡൽഹി: ഇന്ത്യയ്ക്കെതിരെ അമേരിക്കയുടെ താരിഫ് വർധനവിൽ വിമർശനവുമായി കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. കയറ്റുമതിയും സമ്പദ്വ്യവസ്ഥയും മുന്നേറ്റം നടത്തിയാൽ ഇന്ത്യയ്ക്ക് ആരുടെയും പിന്നാലെ പോകേണ്ടിവരില്ല.

നമുക്ക് മികച്ച സാങ്കേതികവിദ്യയും വിഭവങ്ങളും ലഭിക്കുകയാണെങ്കിൽ നമ്മൾ ആരെയും ഭീഷണിപ്പെടുത്തില്ല. കാരണം ലോകത്തിന്റെ ക്ഷേമമാണ് ഏറ്റവും പ്രധാനമെന്ന് സംസ്കാരം നമ്മെ പഠിപ്പിക്കുന്നു. ആഗോളതലത്തിൽ നമ്മൾ വിവിധ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ശാസ്ത്രവും സാങ്കേതികവിദ്യയുമാണെന്നും ഗഡ്കരി വ്യക്തമാക്കി. നാഗ്പൂരിലെ വിശ്വേശ്വരയ്യ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (വിഎൻഐടി) സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. കഴിഞ്ഞ ആറിന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ചില ഇന്ത്യൻ ഉത്പന്നങ്ങൾക്ക് 25 ശതമാനം അധിക തീരുവ ചുമത്തുന്ന ഉത്തരവിൽ ഒപ്പുവച്ചിരുന്നു. ഇതോടെ മൊത്തം താരിഫ് 50 ശതമാനമായി. ഇതേത്തുടർന്ന് ഇരുരാജ്യങ്ങൾക്കുമിടയിലെ വ്യാപാര സംഘർഷങ്ങൾ വീണ്ടും രൂക്ഷമായതോടെയാണ് ഗഡ്കരിയുടെ പ്രസ്താവന.

# സിന്ധു നദിയിൽ അണക്കെട്ട് നിർമിച്ചാൽ തകർക്കുമെന്ന് പാക് സൈനിക മേധാവി

ന്യൂഡൽഹി: ഇന്ത്യയ്ക്കെതിരെ ആണവ ഭീഷണി മുഴക്കി പാക് സൈനിക മേധാവി അസിം മുനീർ. കശ്മീർ ഇന്ത്യയുടെ ആഭ്യന്തര വിഷയമല്ലെന്നും കശ്മീർ പാകിസ്താന്റെ ജീവനാഡിയാണെന്നും അസിം മുനീർ പറഞ്ഞു.

പാകിസ്താൻ ആണവ രാഷ്ട്രമാണെന്നും തങ്ങൾ തകർന്നാൽ ലോകത്തിലെ പകുതി രാജ്യങ്ങളെയും തകർക്കുമെന്നും അദ്ദേഹം പറഞ്ഞു. അമേരിക്കൻ സന്ദർശനത്തിനിടെയാണ് ഇന്ത്യക്കെതിരെ അസിം മുനീർ പ്രകോപന പ്രസ്താവനകൾ നടത്തിയത്.

സിന്ധു നദിയിൽ ഇന്ത്യ അണക്കെട്ട് നിർമിച്ചാൽ അത് പൂർത്തിയായ ഉടൻ മിസൈൽ അയച്ച് തകർക്കുമെന്നും സിന്ധു നദി ഇന്ത്യക്കാരുടെ സ്വന്തമല്ലെന്നും അസിം പറഞ്ഞു. അമേരിക്കയിൽ പാക് വ്യവസായികളുടെ പരിപാടിയിലാണ് പ്രകോപന പ്രസ്താവന നടത്തിയത്.

## ജോലിക്ക് പോകുന്നവഴി കാട്ടാന ആക്രമണം; ഗൂഡല്ലൂരിൽ മലയാളിയായ എസ്റ്റേറ്റ് തൊഴിലാളി മരിച്ചു

ഗൂഡല്ലൂർ: തമിഴ്നാട് ഗൂഡല്ലൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ മലയാളിയായ എസ്റ്റേറ്റ് തൊഴിലാളി കൊല്ലപ്പെട്ടു. ഓവേലി ന്യൂഹോപ് സ്വദേശി മണി (60 ) ആണ് മരിച്ചത്. രാവിലെ 10 മണിയോടെയാണ് സംഭവം.

ന്യൂഹോപിലെ സ്വകാര്യ എസ്റ്റേറ്റിൽ ജോലിക്ക് പോയ സമയത്ത് മണിയെ കാട്ടാന ആക്രമിക്കുകയായിരുന്നു. ഒപ്പമുണ്ടായിരുന്നയാൾ ഓടി രക്ഷപ്പെട്ടു. മണിയുടെ കുടുംബം പാലക്കാട് ഷൊർണൂരിൽ നിന്ന് ഗൂഡല്ലൂരിലേക്ക് കുടിയേറി പാർത്തതാണ്.

# ഭരണഘടന സംരക്ഷിക്കാനുള്ള സമരമെന്ന് രാഹുൽ; പ്രതിഷേധക്കടലായി തലസ്ഥാനം, എംപിമാരെ അറസ്റ്റ് ചെയ്തു നീക്കി,

ന്യൂഡൽഹി: വോട്ടർ പട്ടികയിലെ ക്രമക്കേട് ആരോപിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലേക്ക് പ്രതിപക്ഷ എംപിമാർ നടത്തിയ പ്രതിഷേധ മാർച്ച് ഇന്ത്യാ മുന്നണിയുടെ ശക്തിപ്രകടനമായി. രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, അഖിലേഷ് യാദവ്, കനിമൊഴി, സുപ്രിയ സുലേ തുടങ്ങി 300 എംപിമാരാണ് മാർച്ചിൽ പങ്കെടുത്തത്.

രാവിലെ 11.30 ഓടെ പാർലമെൻറിൽനിന്ന് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കാൽനടയായി ആരംഭിച്ച മാർച്ച് ട്രാൻസ്പോർട്ട് ഭവനുമുന്നിൽവച്ച് ഡൽഹി പോലീസ് തടഞ്ഞു. ബാരിക്കേഡ് ചാടിക്കടക്കാൻ എംപിമാർ ശ്രമിച്ചതോടെ സംഘർഷത്തിൽ കലാശിച്ചു. പിരിഞ്ഞുപോകണമെന്ന് പോലീസ് എംപിമാരോട് ആവശ്യപ്പെട്ടെങ്കിലും പ്രതിഷേധക്കാർ തയാറായില്ല.

ഇതിനു പിന്നാലെ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ച എംപിമാരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കിയതോടെ വാഹനത്തിലിരുന്നും ഇവർ പ്രതിഷേധ മുദ്രാവാക്യം ഉയർത്തി. ഭരണഘടന ഉയർത്തിപ്പിടിച്ചാണ് പ്രിയങ്കാ ഗാന്ധി പോലീസ് വാഹനത്തിലേക്ക് കയറിയത്. മാർച്ചിനിടെ മഹുവ മൊയ്ത്ര ഉൾപ്പെടെയുള്ള എംപിമാർക്ക് ദേഹാസ്വാസ്ഥ്യമുണ്ടായി. പ്രതിഷേധത്തിനിടെ മിതാലി ബാഗ് എംപി കുഴഞ്ഞുവീണു.

രാഷ്ട്രീയ പോരാട്ടമല്ലെന്നും ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടമാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. സത്യം രാജ്യത്തിന് മുന്നിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനാധിപത്യം വിജയിക്കുമെന്ന് മല്ലികാർജുൻ ഖാർഗെയും പ്രതികരിച്ചു. അതേസമയം, തെരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിക്കാഴ്ച നടത്തേണ്ടെന്ന് പ്രതിപക്ഷം തീരുമാനിച്ചു. 30 പേരുമായി കൂടിക്കാഴ്ച നടത്താമെന്ന് നേരത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചതോടെയാണിത്.

ഇതിനിടെ, വോട്ടർ പട്ടിക ക്രമക്കേടിൽ രാജ്യ വ്യാപക പ്രക്ഷോഭത്തിന് രൂപം നൽകാൻ കോൺഗ്രസ് എഐസിസി ജനറൽ സെക്രട്ടറിമാരുടെയും സംസ്ഥാന ചുമതലയുള്ള നേതാക്കന്മാരുടെയും ഇന്ന് യോഗം ചേരുന്നുണ്ട്. വൈകുന്നേരം നാലരക്ക് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുടെ അധ്യക്ഷതയിലാണ് യോഗം.

# വോട്ട് കൊള്ള ആരോപണം; രാജ്യതലസ്ഥാനത്ത് ഇന്ന് പ്രതിഷേധമിരമ്പും

ന്യൂഡൽഹി: രാഹുൽ ഗാന്ധി ഉന്നയിച്ച വോട്ട് കൊള്ള ആരോപണത്തിൽ ഇന്ത്യാ സഖ്യം പ്രതിഷേധം കടുപ്പിക്കുന്നു. പ്രതിഷേധത്തിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്തേക്ക് ഇന്ന് ഇന്ത്യാ സഖ്യം മാർച്ച് നടത്തും.

രാവിലെ 11.30ന് പാർലമെൻറിൽനിന്ന് ആരംഭിക്കുന്ന മാർച്ചിൽ രാഹുൽ ഗാന്ധിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമടക്കം 300 ഓളം എംപിമാർ പ്രതിഷേധത്തിൽ അണിനിരക്കും. ബിഹാറിലെ എസ്ഐആർ റദ്ദാക്കണമെന്നും രാഹുൽ ഗാന്ധി ഉന്നയിച്ച വോട്ടർപട്ടിക ക്രമക്കേട് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടാണ് മാർച്ച് നടത്തുന്നതെന്ന് നേതാക്കൾ പറഞ്ഞു.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു ഫലം വന്നതിനുശേഷം പാർലമെൻറിനു പുറത്ത് ഇന്ത്യാ മുന്നണി നടത്തുന്ന ആദ്യ സംയുക്ത പരിപാടിയാണ് ഇന്നു നടക്കുന്ന പ്രതിഷേധ മാർച്ച്. 'വോട്ട് ചോരി' എന്ന വിഷയത്തിൽ വിവിധ ഭാഷകളിൽ എഴുതിയ പ്ലക്കാർഡുകൾ പിടിച്ചുകൊണ്ടായിരിക്കും പ്രതിഷേധം.

മുന്നണിയിൽനിന്ന് പുറത്തുപോയ ആം ആദ്മി പാർട്ടിയും പ്രതിഷേധത്തിന് പിന്തുണ അറിയിച്ചിട്ടുണ്ട്. അതേസമയം മുപ്പത് പ്രതിപക്ഷ നേതാക്കൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ കൂടിക്കാഴ്ചയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ എംപിമാരെയും കമ്മീഷൻ കാണണമെന്ന നിലപാടിൽ കോൺഗ്രസ് ഉറച്ചു നിൽക്കുകയാണ്.

വോട്ടർ പട്ടിക ക്രമക്കേടിൽ രാജ്യവ്യാപക പ്രക്ഷോഭത്തിന് രൂപം നൽകാൻ കോൺഗ്രസ് എഐസിസി ജനറൽ സെക്രട്ടറിമാരുടെയും സംസ്ഥാന ചുമതലയുള്ള നേതാക്കന്മാരുടെയും യോഗവും ഇന്ന് ചേരും.

വൈകുന്നേരം നാലരക്ക് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ രാഹുൽഗാന്ധി, സംഘടന ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ തുടങ്ങിയവർ പങ്കെടുക്കും.

# സ്മൃതി വന്ദനം 2025 മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും

ദേശീയ-അന്തർദേശീയ അവയവദാന ദിനാചരണത്തിന്റെ ഭാഗമായി മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കാനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനും കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ-സോട്ടോ) നേതൃത്വത്തിൽ 'സ്മൃതി വന്ദനം 2025' സംസ്ഥാനതല പരിപാടി സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 13ന് വൈകിട്ട് മൂന്നിന് തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ ആരോഗ്യ-കുടുംബക്ഷേമ- വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

അഡ്വ. ആന്റണി രാജു എം.എൽ.എ അധ്യക്ഷനാവും. മരണാനന്തരം അവയവദാനം നൽകി മറ്റുള്ളവർക്ക് ജീവനേകിയ വ്യക്തികളെ സ്മരിക്കാനും പ്രിയപ്പെട്ടവരുടെ അവയവങ്ങൾ ദാനം ചെയ്യാൻ സന്നദ്ധരായ കുടുംബങ്ങളെ ആദരിക്കാനും വേണ്ടിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് 2017 ഡിസംബർ മുതൽ 2025 ജൂലൈ വരെയുള്ള കാലയളവിൽ മരണാനന്തരം അവയവദാനം നടത്തിയ 122 വ്യക്തികളുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിക്കും. ഈ കാലയളവിൽ അവയവം സ്വീകരിച്ചവരും പങ്കെടുക്കും. മരണാനന്തര അവയവദാന രംഗത്ത് മികച്ച സംഭാവന നൽകിയ വ്യക്തികളെയും ആദരിക്കും.

കൈ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ രംഗത്ത് രാജ്യത്തെ പ്രമുഖനായ ഡോ. കെ. സുബ്രഹ്മണ്യ അയ്യർ, സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജ് മേഖലയിൽ ഹൃദയ ശസ്ത്രക്രിയാരംഗത്ത് മാതൃകയായ ഡോ.ടി.കെ ജയകുമാർ, 'ജീവദാനം' പദ്ധതിയിലൂടെ അവയവദാന ബോധവത്കരണത്തിന് നേതൃത്വം നൽകി, തിരുവനന്തപുരം കലക്ടറേറ്റിലെ ജീവനക്കാരെ അവയവദാനത്തിന് രജിസ്റ്റർ ചെയ്യാൻ നേതൃത്വം നൽകിയ തിരുവനന്തപുരം കലക്ടർ അനു കുമാരി, ജർമ്മനിയിലെ വേൾഡ് ട്രാൻസ്പ്ലാന്റ് ഗെയിംസിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് കേരളത്തിൽ നിന്ന് പങ്കെടുക്കുന്ന അവയവ സ്വീകർത്താക്കളായ മിഥുൻ അശോക് (കിഡ്നി ട്രാൻസ്പ്ലാന്റ്), എസ്. സുജിത്ത് (ലിവർ ട്രാൻസ്പ്ലാന്റ്) എന്നിവരും ആദരം ഏറ്റുവാങ്ങും.

മരണാനന്തര അവയവദാന രംഗത്തെ മികച്ച പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി വിവിധ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾ നൽകുന്നുണ്ട്. മികച്ച മസ്തിഷ്കമരണ നിർണയ മാതൃകാ ആശുപത്രി, മികച്ച എംപാനൽ ഡോക്ടർ, മികച്ച ഐ ബാങ്കിങ് മാതൃക, മികച്ച എൻ.ജി.ഒ. എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരം.

മസ്തിഷ്കമരണ നിർണയം മുതൽ അവയവമാറ്റ ശസ്ത്രക്രിയവരെയുള്ള ഓരോ ഘട്ടങ്ങളിലും പങ്കെടുക്കുന്നവരെയും ചടങ്ങിൽ ആദരിക്കും. അവയവദാന ബോധവത്ക്കരണത്തിനായി കെഎസ്എഫ്ഡിസി കെ-സോട്ടോയ്ക്കായി തയ്യാറാക്കിയ വീഡിയോ ചടങ്ങിൽ പ്രകാശിപ്പിക്കും. അവയവദാനത്തിന്റെ പ്രാധാന്യം, മസ്തിഷ്ക മരണം, അവയവദാന നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് ലഘുവിവരണങ്ങൾ, വീഡിയോ പ്രദർശനവും ഉണ്ടായിരിക്കും. അവയവദാനത്തിന് രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ളവർക്കായി ടാഗോർ തിയേറ്ററിന് സമീപം പ്രത്യേക കൗണ്ടറുകൾ ഉണ്ടാകും.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ഐഎഎസ്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയാൽ ഐഎഎസ്, കലക്ടർ അനുകുമാരി, വഴുതക്കാട് ഡിവിഷൻ കൗൺസിലർ അഡ്വ. രാഖി രവികുമാർ, കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്.എസ് നോബിൾ ഗ്രേഷ്യസ്, ആരോഗ്യ കുടുംബക്ഷേ വകുപ്പ് അഡീഷനൽ ഡയറക്ടർ ഡോ. വി മീനാക്ഷി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.പി.കെ ജബ്ബാർ, സ്കൂൾ ഓഫ് പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ ഡോ. തോമസ് മാത്യു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# ബ്രിട്ടീഷ് എഫ്35ബി യുദ്ധവിമാനത്തിന് ജപ്പാനിൽ അടിയന്തര ലാൻഡിംഗ്

കഗോഷിമ: ബ്രിട്ടീഷ് എഫ്35ബി യുദ്ധവിമാനം ജപ്പാനിൽ അടിയന്തര ലാൻഡിംഗ് നടത്തി. യുകെ റോയൽ എയർഫോഴ്സിന്റെ എഫ്35ബി യുദ്ധ വിമാനം ആകാശത്തുവച്ച് യന്ത്രതകരാർ നേരിട്ടതിനെ തുടർന്ന് ജപ്പാനിലെ കഗോഷിമ വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡിംഗ് നടത്തുകയായിരുന്നു. പ്രാദേശിക മാധ്യമങ്ങളാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതേതുടർന്നു കഗോഷിമ വിമാനത്താവളത്തിൽനിന്നുള്ള ചില വിമാനങ്ങൾ വൈകി. സമീപകാലത്ത് ബ്രിട്ടീഷ് എഫ് -35ബി യുദ്ധവിമാനത്തിന് തകരാർ നേരിടുന്ന രണ്ടാമത്തെ സംഭവമാണിത്. ജൂൺ 14ന് ബ്രിട്ടീഷ് എഫ്35ബി യുദ്ധവിമാനം തിരുവനന്തപുരത്തും അടിയന്തരലാൻഡിംഗ് നടത്തിയിരുന്നു. രാത്രി 9.30 ഓടുകൂടിയാണ് ഇന്ധനം കുറവായതിനെത്തുടർന്ന് വിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തര ലാൻഡിംഗ് നടത്തിയത്.

ഇന്ത്യൻ നാവികസേനയുമായി ചേർന്നു സംയുക്ത പരിശീലനം പൂർത്തിയാക്കിയ ബ്രിട്ടന്റെ എച്ച്എംഎസ് പ്രിൻസ് ഓഫ് വെയിൽസ് കാരിയർ സ്ട്രൈക്ക് ഗ്രൂപ്പിന്റെ ഭാഗമായിരുന്ന എഫ് 35 ബി യുദ്ധവിമാനം അടിയന്തര ലാൻഡിംഗ് നടത്തിയത്. അടുത്ത ദിവസം ഇന്ധനം നിറച്ച ശേഷമാണ് സാങ്കേതിക തകരാർ ഉള്ളതായി അധികൃതർ മനസിലാക്കിയത്.

പിന്നീട് ഒരു മാസവും എട്ടു ദിവസവും കഴിഞ്ഞ ശേഷമാണ് വിമാനത്തിന്റെ സാങ്കേതിക തകരാർ പരിഹരിക്കാനായത്. ജൂലൈ 22നാണ് വിമാനം കേരളത്തിൽനിന്നും മടങ്ങിയത്.

## എല്ലാവരുടെയും ബോസിന് ഇന്ത്യയുടെ പുരോഗതി അംഗീകരിക്കാനാവുന്നില്ലെന്ന് രാജ്നാഥ് സിംഗ്

ന്യൂഡൽഹി: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ തീരുവ ഭീഷണിയെ രൂക്ഷമായി വിമർശിച്ച് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്. ഒരു സർവ്വാധികാരിക്ക് ഇന്ത്യയുടെ ഉയർച്ച ഇഷ്ടപ്പെടുന്നില്ലെന്നും മേക്ക് ഇൻ ഇന്ത്യ ഉത്പന്നങ്ങൾക്ക് വില ഉയർത്താനാണ് ചിലരുടെ ശ്രമമെന്നും രാജ്നാഥ് സിംഗ് കുറ്റപ്പെടുത്തി.

ഒരു ശക്തിക്കും ഇന്ത്യയുടെ വളർച്ച തടയാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരുടെയും ബോസിന് ഇന്ത്യയുടെ പുരോഗതി അംഗീകരിക്കാനാവുന്നില്ലെന്നും ട്രംപിനെ പരിഹസിച്ചുക്കൊണ്ട് രാജ്നാഥ് സിംഗ് പറഞ്ഞു.

ഇന്ത്യയിൽ നിർമിക്കുന്ന ഉൽപ്പന്നങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോൾ അവയ്ക്ക് വില കൂട്ടാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നും രാജ്നാഥ് സിംഗ് കുറ്റപ്പെടുത്തി.

## ഹമാസിനെ തുടച്ചുനീക്കും; ഗാസ പിടിച്ചെടുക്കുകയല്ലാതെ വേറെ വഴിയില്ല: നെതന്യാഹു

ജറുസലേം: ഗാസ ഉടൻ പിടിച്ചെടുക്കുമെന്ന വ്യക്തമായ സൂചന നൽകി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. യുദ്ധം അവസാനിപ്പിക്കാനുള്ള അതിവേഗ മാർഗം ഗാസ നഗരം പിടിച്ചെടുക്കുകയെന്നതാണ്.

ഗാസയുടെ ഏകദേശം 70-75 ശതമാനം ഇസ്രയേൽ സൈനിക നിയന്ത്രണത്തിലാണ്. എന്നാൽ ഹമാസിന്റെ ചില ശക്തികേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഹമാസിനെ ഈ കേന്ദ്രങ്ങളിൽ നിന്ന് തുടച്ചുനീക്കാൻ ഗാസ നഗരം പിടിച്ചെടുക്കുകയല്ലാതെ വേറെ വഴിയില്ല.

ഹമാസ് ആയുധം താഴെ വയ്ക്കാൻ വിസമ്മതിക്കുകയാണ്. ഇതിനാൽ ഇസ്രയേലിന് ജോലി പൂർത്തിയാക്കി ഹമാസിന്റെ പരാജയം പൂർത്തിയാക്കുകയല്ലാതെ മറ്റ് മാർഗമില്ലെന്നും നെതന്യാഹു പറഞ്ഞു. ഇസ്രയേൽ ഗാസ കൈവശപ്പെടുത്തുകയല്ല. മറിച്ച് സ്വതന്ത്രമാക്കാനാണ് ആഗ്രഹിക്കുന്നതെന്ന് നെതന്യാഹു വ്യക്തമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA





സമ്പൂർണത അഭിയാൻ സമ്മാൻ സമാരോഹ് പദ്ധതിയിൽ മികച്ച പ്രകടനം നടത്തിയ ജില്ലകൾക്കും ബ്ലോക്കുകൾക്കുമുള്ള പുരസ്കാരം മന്ത്രി എം.ബി രാജേഷ് വിതരണം ചെയ്യുന്നു.

# സമ്പൂർണ അഭിയാൻ സമ്മാൻ സമാരോഹ്: ജില്ലകൾക്കും ബ്ലോക്കുകൾക്കും പുരസ്കാരങ്ങൾ നൽകി

സമ്പൂർണ അഭിയാൻ സമ്മാൻ സമാരോഹ് പദ്ധതിയിൽ മികച്ച പ്രകടനം നടത്തിയ ജില്ലകൾക്കും ബ്ളോക്കുകളുമുള്ള പുരസ്കാരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് വിതരണം ചെയ്തു. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സംഘടിപ്പിച്ച ചടങ്ങിൽ സെക്രട്ടറി എസ്. ഹരികിഷോർ അധ്യക്ഷത വഹിച്ചു.രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സാമൂഹിക, ജീവിത നിലവാര സൂചികകളിൽ ചരിത്രപരമായി മുന്നിലാണെന്ന് മന്ത്രി പറഞ്ഞു. പലകാര്യങ്ങളിലും ലോകത്തിലെ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. എന്നാൽ പ്രാദേശികമായി പിന്നിൽ നിൽക്കുന്ന സ്ഥലങ്ങളുണ്ട്. ഇത്തരം സ്ഥലങ്ങളെയും ജനതയെയും കൂടി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പദ്ധതി സഹായിക്കുന്നു. സർക്കാരിന്റെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിയതിലൂടെ പത്തു പോയിന്റ് ഒറ്റയടിക്ക് നേടി സുസ്ഥിര വികസന സൂചികയിൽ മുന്നിലെത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കാസർകോട് പരപ്പ ബ്ളോക്കിന് പദ്ധതിയിലൂടെ മൂന്നര കോടി രൂപയും വയനാട് പനമരം ബ്ളോക്കിന് ഒന്നര കോടി രൂപയും സഹായം ലഭിച്ചു. വിവിധ ജില്ലകളെയും ബ്ളോക്കുകളെയും മുന്നിലെത്തിക്കാൻ പ്രവർത്തിച്ച ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും മന്ത്രി അഭിനന്ദിച്ചു.

കാസർകോട് ജില്ലയ്ക്കായി ജില്ലാ കളക്ടർ ഇമ്പശേഖറും വയനാട് ജില്ലയ്ക്കായി ജില്ലാ കളക്ടർ മേഘശ്രീയും പുരസ്കാരം ഏറ്റുവാങ്ങി. പാലക്കാടിനുള്ള പുരസ്കാരം സബ് കളക്ടർ അഞ്ജിത്ത് സിംഗും ഇടുക്കിക്കുള്ള പുരസ്കാരം എ. ഡി. എം വിനോദും ഏറ്റുവാങ്ങി. വിവിധ ബ്ളോക്കുകൾക്കുള്ള പുരസ്കാരം ബ്ളോക്ക് പ്രതിനിധികൾ മന്ത്രിയിൽ നിന്ന് സ്വീകരിച്ചു. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടർ മുഹമ്മദ് ഷഫീക്ക്, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷംഷാദ് മരയ്ക്കാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

# ഇണങ്ങുമ്പോൾ മധുരിക്കുന്ന പിണക്കങ്ങൾ...



ചമയങ്ങൾക്കപ്പുറം

സുനിതഒലിവിയ

ബന്ധത്തിലോ പങ്കാളികൾ തമ്മിലോ പിണക്കം ഉണ്ടാകുന്നത് സ്വാഭാവികമാണ്. ചെറിയ പിണക്കങ്ങളുടെ ഇണക്കത്തിനു മധുരം കൂടുതൽ ആണ്... . . . .

പക്ഷെ പിണക്കം നീണ്ടു പോവുന്നത് ബന്ധത്തിൽ വിള്ളൽ വരാം. രാത്രി കിടക്കുന്നതിനു മുമ്പ് പിണക്കം മാറ്റിയിരിക്കണം. ആരാണ് കൂടുതൽ പിണങ്ങുന്നത് മനസ്സിലാക്കി പിണക്കം കൂടിയാൽ ഉള്ള ഭാവിശത്തു വെക്തമായി പറഞ്ഞു കൊടുക്കുക.

എന്നാൽ ഈ സാഹചര്യങ്ങൾ ശരിയായി നിയന്ത്രിക്കാനും ബന്ധം ശക്തിപ്പെടുത്താനും ചില രീതികൾ പാലിക്കാം:

1.ആത്മനിയന്ത്രണം പാലിക്കുക

കോപം, വികാരം അടക്കി ശാന്തമായി സംസാരിക്കാൻ ശ്രമിക്കുക.

– വാക്കുകൾക്കും പെരുമാറ്റത്തിനും മുൻഗണന നൽകുക.

2.സഹനവും പരസ്പര ബഹുമാനവും

പങ്കാളിയുടെ അഭിപ്രായങ്ങൾക്കും വികാരങ്ങൾക്കും മാന്യത നൽകുക.

ഒത്തുതീർപ്പിലേക്ക് നീങ്ങാൻ ഇരുവരും തയ്യാറാവുക.

3.ആശയവിനിമയം

പ്രശ്നങ്ങൾ ഒളിച്ചുവെക്കാതെ തുറന്ന് സംസാരിക്കുക.

'ഞാൻ' എന്ന വാക്കുപയോഗിച്ച് സ്വന്തം വികാരങ്ങൾ പറയുക (ഉദാ: ബ'ഞാൻ വേദനിച്ചു'ബ പകരം ബ'നീ എന്നെ വേദനിപ്പിച്ചു'ബ)

4.പ്രശ്നത്തിന് പരിഹാരം കാണുക

പിണക്കത്തിന്റെ കാരണം മനസ്സിലാക്കി പരിഹാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

ഇരുവർക്കും സ്വീകാര്യമായ മാർഗ്ഗം തേടുക.

5.സമയം എടുക്കുക

വികാരങ്ങൾ അതിശയിക്കുമ്പോൾ ഒരു ചെറിയ ഇടവേള എടുക്കുക.

ശാന്തമായി ചിന്തിച്ച ശേഷം വീണ്ടും സംവാദം തുടരുക.

6.പ്രണയവും ശ്രദ്ധയും

ക്ഷമിക്കുക, ആലിംഗനം) ബന്ധം ഉയർത്താം.

പഴയ നല്ല കാലങ്ങൾ ഓർക്കുക.

7.ബാഹ്യ സഹായം**

പ്രശ്നങ്ങൾ ആവർത്തിച്ചുണ്ടാകുകയോ പരിഹരിക്കാൻ കഴിയാതെ വരുകയോ ചെയ്താൽ, മാനസികാരോഗ്യ വിദഗ്ധർ അല്ലെങ്കിൽ കൗൺസിലർ സഹായം തേടുക. ഓർമ്മിക്കുകപിണക്കങ്ങൾ ബന്ധത്തിന്റെ ഭാഗമാണ്, പക്ഷേ അവയെ എങ്ങനെ നിയന്ത്രിക്കുന്നു എന്നതാണ് ബന്ധത്തിന്റെ ശക്തി നിർണ്ണയിക്കുന്നത്.

# സമാശ്വാസം, സ്നേഹസ്പർശം പദ്ധതികൾക്ക് ഏഴര കോടിയുടെ ഭരണാനുമതി: മന്ത്രി ഡോ. ബിന്ദു

സംസ്ഥാന സർക്കാർ സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സമാശ്വാസം, സ്നേഹസ്പർശം പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയതായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. സമാശ്വാസം പദ്ധതിക്കായി ആറു കോടി രൂപയുടെയും സ്നേഹസ്പർശം പദ്ധതിക്കായി ഒന്നര കോടി രൂപയുടെയും ഭരണാനുമതി നൽകിയാണ് ഉത്തരവായതെന്ന് മന്ത്രി പറഞ്ഞു.

വൃക്ക തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബിപി എൽ വിഭാഗക്കാരായ രോഗികൾക്ക് സമാശ്വാസം – ഒന്ന് പദ്ധതി പ്രകാരം പ്രതിമാസം 1100 രൂപ നിരക്കിൽ ചികിത്സാസഹായം അനുവദിക്കും. വൃക്ക/കരൾ രോഗങ്ങൾ ബാധിച്ച് അവയവങ്ങൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ളവരിൽ ഒരു ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി അഞ്ചു വർഷം വരെ സമാശ്വാസം – രണ്ട് പദ്ധതി പ്രകാരം പ്രതിമാസം 1000 രൂപ നിരക്കിൽ സഹായം അനുവദിക്കും, ഹീമോഫീലിയയും അനുബന്ധ രോഗങ്ങളും ബാധിച്ചവർക്ക് സമാശ്വാസം – മൂന്ന് പദ്ധതി പ്രകാരം പ്രതിമാസം 1000 രൂപ നിരക്കിലും, അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിൽപ്പെട്ട ബി പി എൽ വിഭാഗക്കാരായവർക്ക് സമാശ്വാസം – നാല് പദ്ധതി പ്രകാരം പ്രതിമാസം 2000 രൂപ നിരക്കിലും ധനസഹായം നൽകും.

2025 ജൂൺ മാസംവരെയുള്ള ചികിത്സാ ധനസഹായമാണ് അനുവദിക്കുക. ഈ പദ്ധതിയിൽ തുടർ ധനസഹായം ലഭിക്കാൻ ഗുണഭോക്താക്കൾ എല്ലാ വർഷവും ജനുവരി, ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റും ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുകളും ഫോൺ നമ്പർ അടക്കം തപാൽ മുഖേന കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഹെഡ് ഓഫീസിൽ ലഭ്യമാക്കണം.

ചൂഷണത്തിന് വിധേയരായി, അവിവാഹിതരായിരിക്കെ അമ്മമാരാകുന്ന ബിപി എൽ വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതിയിൽ പ്രതിമാസം 2000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കും. ഗുണഭോക്താവ് വിവാഹിതയല്ലെന്നതിനുള്ള സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ തുടർ സഹായം ലഭിക്കാനായി സമർപ്പിച്ചിട്ടുള്ളവർക്കാണ് 2025 ജൂൺ മാസംവരെയുള്ള ധനസഹായം വിതരണം ചെയ്യുന്നത്. പദ്ധതിയിൽ തുടർ ധനസഹായം ലഭിക്കാൻ എല്ലാ വർഷവും ജൂൺ മാസത്തിൽ ഈ രേഖകൾ തപാൽ വഴി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഹെഡ് ഓഫീസിൽ ലഭ്യമാക്കണമെന്നും മന്ത്രി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 1800-120-1001 എന്ന ഹെൽപ്പ് ലൈൻ നമ്പരിൽ ബന്ധപ്പെടാം.

# മെഡിക്കൽ സർട്ടിഫിക്കറ്റിന് ഓൺലൈൻ സംവിധാനം: 13 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നു. ആഗസ്റ്റ് 13-ന് ആരോഗ്യ മന്ത്രി വീണ ജോർജ്ജിന്റെയും ആർ.സി.സി. ഡയറക്ടർ ഡോ. രേഖ എ. നായരുടെയും സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

റീജിയണൽ കാൻസർ സെന്ററിന്റെ സഹകരണത്തോടെയാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്. ചികിത്സാ സഹായത്തിനുള്ള അപേക്ഷകളും, പരാതികളും സമർപ്പിക്കാനുള്ള cmo.kerala.gov.in എന്ന വെബ് പോർട്ടലിൽ ലഭ്യമായിട്ടുള്ള ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാം. അപേക്ഷ പരിശോധിച്ച് ചികിത്സിക്കുന്ന ഡോക്ടർ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകും. ആശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാം. ഇ-ഹെൽത്ത് നടപ്പാക്കിയ സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് ആപ്ലിക്കേഷൻ മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് തയ്യാറാക്കാനും അതിന്റെ ആധികാരികത പരിശോധിക്കാനും ഉള്ള സംവിധാനം നിലവിൽ ലഭ്യമാണ്.

# ഓൺലൈൻ മദ്യം വേണ്ട; ബെവ്കോ ശിപാർശ തള്ളി സർക്കാർ

തിരുവനന്തപുരം: ബെവ്കോയുടെ ഓൺലൈൻ മദ്യവിതരണ ശിപാർശയ്ക്ക് ചെക്ക് വച്ച് സർക്കാർ. ബാറുടമകളുടെ എതിർപ്പും തെരഞ്ഞെടുപ്പ് അടുത്തിരിക്കെ കുടുതൽ വിവാദങ്ങളിലേക്ക് പോകുന്നത് തെരഞ്ഞെടുപ്പ് വിജയത്തെ ബാധിക്കുമെന്ന വിലയിരുത്തലിലുമാണ് ബെവ്കോയുടെ ശിപാർശ സർക്കാർ തള്ളിയത്. മൊബൈൽ ആപ്പിലൂടെ ഓൺലൈനായി ബുക്ക് ചെയ്യുന്നവർക്ക് വീടുകളിൽ മദ്യം എത്തിക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ടാണ് ബെവ്കോ സർക്കാരിന് ശിപാർശ നൽകിയത്. ബെവ്കോ എംഡി. ഹർഷിത അട്ടല്ലൂരിയാണ് ഇത് സംബന്ധിച്ച് ശിപാർശ നൽകിയത്. 23 വയസ് പൂർത്തിയായവർക്ക് മാത്രമായിരിക്കും മദ്യം ബുക്ക് ചെയ്യാൻ സാധിക്കുകയുള്ളുവെന്നായിരുന്നു ശിപാർശ. മദ്യം ബുക്ക് ചെയ്യുന്നതിന് പ്രത്യേക മൊബൈൽ ആപ്പും ബെവ്കോ തയാറാക്കിയിരുന്നു. പ്രായം തിരിച്ചറിയാനുള്ള രേഖകൾ സഹിതമാണ് ബുക്ക് ചെയ്യേണ്ടതെന്നായിരുന്നു ബെവ്കോയുടെ തീരുമാനം. ബെവ്കോയുടെ നിലവിലുള്ള ശിപാർശ സർക്കാർ നടപ്പിലാക്കിയാൽ ബാറുകളിലെ വരുമാനം കുറയുമെന്നും അത് തങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് ബാറുടമകളും സർക്കാരിനെ ധരിപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും നിയമസഭ തെരഞ്ഞെടുപ്പും അടുത്തിരിക്കെ പുതിയ വിവാദങ്ങൾ വിജയസാധ്യതയെയും തുടർ ഭരണത്തെയും ബാധിക്കുമെന്ന വിലയിരുത്തലിലാണ് ബെവ്കോയുടെ തീരുമാനം തള്ളിയത്. മൂന്ന് വർഷങ്ങൾക്ക് മുൻപ് ബെവ്കോ ഇത്തരത്തിൽ ഒരു നീക്കം നടത്തിയിരുന്നുവെങ്കിലും പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ എതിർപ്പിനെത്തുടർന്ന് പിൻമാറുകയായിരുന്നു. ബെവ്കോയുടെ വരുമാനം വർധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് വീണ്ടും മദ്യം ഡോർ ഡെലിവറിയായി എത്തിക്കാനുള്ള തീരുമാനവുമായി മുന്നോട്ട് വന്നത്. മദ്യ വിതരണത്തിനായി വിവിധ കമ്പനികളുമായി ചർച്ചകളും ഇതിനോടകം ബെവ്കോ നടത്തിയിരുന്നു.

# കോതമംഗലത്തെ വിദ്യാർഥിനിയുടെ ആത്മഹത്യ: ആൺസുഹൃത്തിന്റെ പീഡനമെന്നു പരാതി; മതം മാറാൻ നിർബന്ധിച്ചെന്ന് ആത്മഹത്യാകുറിപ്പ്

കൊച്ചി: കോതമംഗലത്ത് ടിടിസി വിദ്യാർഥിനിയെ വീടിനുള്ളിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ ആൺസുഹൃത്തിന്റെ പീഡനമെന്ന് കുടുംബത്തിന്റെ പരാതി. ആൺ സുഹൃത്ത് റമീസിനെതിരെ ഗുരുതര ആരോപണങ്ങളാണ് ആത്മഹത്യാകുറിപ്പിലുള്ളത്. നെടുമ്പാശേരി വിമാനത്താവളത്തിലെ ജീവനക്കാരനാണ് ഇയാൾ.

കോതമംഗലം കറുകടം ഞാഞ്ഞൂൾമല നഗറിൽ പരേതനായ എൽദോസിന്റെ മകൾ സോന എൽദോസിനെ(21)നെയാണ് ശനിയാഴ്ച ഉച്ചയ്ക്ക് വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. പോലീസ് ആത്മഹത്യാകുറിപ്പ് കണ്ടെത്തിയിരുന്നു. കോതമംഗലം പോലീസ് അസ്വാഭാവിക മരണത്തിന് കേസ് എടുക്കുകയും ചെയ്തിരുന്നു.

റമീസിന്റെ പീഡനം മൂലമാണ് മകൾ ആത്മഹത്യ ചെയ്തതെന്നാണ് കുടുംബം ആരോപിക്കുന്നത്. ഇതു സംബന്ധിച്ച് ഇവർ കോതമംഗലം പോലീസിൽ പരാതി നൽകി. റമീസും സോനയും തമ്മിൽ അടുപ്പത്തിലായിരുന്നു. ഇയാൾ വിദ്യാർഥിനിയെ പറവൂരിലെ വീട്ടിലെത്തിച്ച ശേഷം മതം മാറാൻ നിർബന്ധിച്ചുവെന്നാണ് ആത്മഹത്യാ കുറിപ്പിലുള്ളത്.

റമീസിനെതിരേ ഉടൻ കേസെടുക്കുമെന്നു കോതമംഗലം പോലീസ് പറഞ്ഞു. ആത്മഹത്യാ പ്രേരണയ്ക്കും ഉപദ്രവിച്ചതിനും ഇയാൾക്കെതിരേ പോലീസ് കേസെടുക്കും.

# ലോക അത്‌ലറ്റിക്സ്; ശ്രീശങ്കറിന് സ്വർണം

ന്യൂഡൽഹി: ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂറിൽ മലയാളി ലോംഗ്ജമ്പ് മുരളി ശ്രീശങ്കറിന് സ്വർണം. 8.13 മീറ്റർ ദൂരം ചാടിയാണ് താരം സ്വർണം നേടിയത്.

സീസണിലെ മികച്ച ദൂരം കണ്ടെത്തിയാണ് മലയാളി താരത്തിന്റെ നേട്ടം. അവസാനശ്രമത്തിലാണ് ശ്രീശങ്കർ 8.13 മീറ്റർ ദൂരം കണ്ടെത്തുന്നത്. മത്സരത്തിൽ ആദ്യ ആറ് സ്ഥാനങ്ങളും ഇന്ത്യൻ താരങ്ങൾക്കാണ്.

ഷാനവാസ് ഖാൻ(8.04 മീറ്റർ) വെള്ളിയും ലോകേഷ് സത്യനാഥൻ(7.85 മീറ്റർ) വെങ്കലവും നേടി.

# വിദ്യാർഥിനിയുടെ മരണം: റമീസ് അറസ്റ്റിൽ, കുടുംബാംഗങ്ങളെയും പ്രതിചേർത്തേക്കും

കോതമംഗലം: ടിടിസി വിദ്യാർഥിനി സോന എൽദോസിന്റെ ആത്മഹത്യയിൽ ആൺസുഹൃത്തായ റമീസ് അറസ്റ്റിൽ. ഉച്ചയോടെയാണ് റമീസിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

ആത്മഹത്യാ പ്രേരണ, ദേഹോപദ്രവം ഏൽപ്പിക്കൽ, വിവാഹ വാഗ്ദാനം നൽകി പീഡനം തുടങ്ങിയ കുറ്റങ്ങളാണ് റമീസിനെതിരേ ചുമത്തിയിരിക്കുന്നത്. ഇയാളുടെ കുടുംബാംഗങ്ങളെയും കേസിൽ പ്രതിചേർത്തേക്കും. വിദ്യാർഥിനിയുടെ മരണത്തിൽ റമീസിനെതിരേ വ്യക്തമായ തെളിവുകൾ ലഭിച്ചതോടെയാണ് പോലീസ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. സോനയെ മർദിച്ചതിന്റെ തെളിവുകളും പോലീസ് കണ്ടെടുത്തു.

ഇരുവരും തമ്മിലുള്ള വാട്സാപ്പ് ചാറ്റിൽനിന്നാണ് ഈ തെളിവുകൾ ലഭിച്ചത്. ജീവനൊടുക്കുമെന്ന് സോന പറഞ്ഞപ്പോൾ, ചെയ്തോളാൻ റമീസ് പറഞ്ഞതിന്റെ തെളിവുകളും വാട്സാപ്പ് ചാറ്റുകളിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇയാൾ നെടുമ്പാശേരി വിമാനത്താവളത്തിലെ താത്കാലിക ജീവനക്കാരനാണ്. മൂവാറ്റുപുഴ ഗവ. ടിടിഐ വിദ്യാർഥിനിയും കോതമംഗലം കറുകടം ഞാഞ്ഞൂൾമല നഗറിൽ കടിഞ്ഞുമ്മേൽ പരേതനായ എൽദോസിന്റെ മകളുമായ സോനയെ ശനിയാഴ്ച ഉച്ചയ്ക്കാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഇതിനുപിന്നാലെയാണ് സോനയുടെ ആത്മഹത്യാക്കുറിപ്പ് വീട്ടിൽനിന്ന് കണ്ടെടുത്തത്. ആൺസുഹൃത്തായ റമീസും ഇയാളുടെ കുടുംബവും മതംമാറാൻ നിർബന്ധിച്ചും വീട്ടിൽ പൂട്ടിയിട്ട് ഉപദ്രവിച്ചെന്നും ഉൾപ്പെടെയുള്ള ഗുരുതരമായ ആരോപണങ്ങളാണ് കുറിപ്പിലുള്ളത്.

# പെരുന്പാവൂരിൽ ഹെറോയിനുമായി യുവതിയടക്കം ആസാം സ്വദേശികൾ അറസ്റ്റിൽ

പെരുമ്പാവൂർ: 30 ലക്ഷത്തോളം വിലമതിക്കുന്ന ഹെറോയിനുമായി യുവതി ഉൾപ്പെടെ രണ്ട് ആസാം സ്വദേശികൾ അറസ്റ്റിൽ. ആസാം നൗഗാവ് സ്വദേശികളായ നൂർ അമീൻ (29), ഹിബ്ജുൻ നഹാർ (25) എന്നിവരാണ് പിടിയിലായത്. പോഞ്ഞാശേരിയിൽ നിന്നുമാണ് ഇവർ പിടിയിലായത്. ആസാമിൽ നിന്ന് ട്രെയിൻ മാർഗം ആലുവയിലെത്തി ഓട്ടോറിക്ഷയിൽ വരികയായിരുന്നു. യുവതി ധരിച്ചിരുന്ന വസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ച നിലയിലായിരുന്നു ഹെറോയിൻ. 14 സോപ്പുപെട്ടി ബോക്സുകളിലായിരുന്നു കൊണ്ടുവന്നത്.

നാഗാലാൻഡിൽ നിന്ന് ഒരു ബോക്സ് 80000 രൂപയ്ക്ക് വാങ്ങി ഇവിടെയെത്തിച്ച് ചെറിയ ബോട്ടിലുകളാക്കിയായിരുന്നു വില്പന. ഒരു ചെറിയ ബോട്ടിൽ ആയിരം രൂപ മുതൽ 2000 രൂപ വരെയാണ് ഈടാക്കിയിരുന്നത്.

# കോതമംഗലത്തെ ടിടിസി വിദ്യാർഥിനിയുടെ ആത്മഹത്യ; ആൺസുഹൃത്ത് റമീസ് കസ്റ്റഡിയിൽ

കൊച്ചി: കോതമംഗലത്തെ ടിടിസി വിദ്യാർഥിനി സോന എൽദോസിന്റെ (23) ആത്മഹത്യയിൽ ആൺസുഹൃത്ത് റമീസ് കസ്റ്റഡിയിൽ. റമീസിനെ കോതമംഗലം പോലീസ് ചോദ്യംചെയ്തുവരികയാണ്. പെൺകുട്ടിയുടെ മരണത്തിന് കാരണം റമീസിന്റെ പീഡനങ്ങളാണെന്ന് ആരോപണമുയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. ഇയാൾ നെടുമ്പാശേരി വിമാനത്താവളത്തിലെ താത്കാലിക ജീവനക്കാരനാണ്. ആത്മഹത്യാ പ്രേരണയ്ക്കും ശാരീരിക ഉപദ്രവത്തിനുമാണ് റമീസിനെതിരെ കേസെടുത്തിരിക്കുന്നത്. സോനയെ മർദിച്ചതിന് തെളിവായി വാട്സാപ് ചാറ്റുകളും പോലീസ് കണ്ടെത്തിയിട്ടുണ്ട്. താൻ ജീവനൊടുക്കുമെന്ന് സോന പറയുമ്പോൾ ചെയ്തോളാനായിരുന്നു റമീസിന്റെ മറുപടി. സോനയുടെ ആത്മഹത്യാക്കുറിപ്പിൽ റമീസിനും കുടുംബത്തിനുമെതിരേ ഗുരുതര ആരോപണങ്ങൾ കണ്ടെത്തിയ സാഹചര്യത്തിലാണ് പോലീസ് നടപടി. റമീസിന്റെ വീട്ടുകാരെയും പ്രതിചേർക്കുമെന്ന് പോലീസ് അറിയിച്ചു.മൂവാറ്റുപുഴ ഗവ. ടിടിഐ വിദ്യാർഥിനിയും കോതമംഗലം കറുകടം ഞാഞ്ഞൂൾമല നഗറിൽ കടിഞ്ഞുമ്മേൽ പരേതനായ എൽദോസിന്റെ മകളുമായ സോനയെ ശനിയാഴ്ച ഉച്ചയ്ക്കാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഇതിനുപിന്നാലെയാണ് സോനയുടെ ആത്മഹത്യാക്കുറിപ്പ് വീട്ടിൽനിന്ന് കണ്ടെടുത്തത്. ആൺസുഹൃത്തായ റമീസും ഇയാളുടെ കുടുംബവും മതംമാറാൻ നിർബന്ധിച്ചും വീട്ടിൽ പൂട്ടിയിട്ട് ഉപദ്രവിച്ചെന്നും ഉൾപ്പെടെയുള്ള ഗുരുതരമായ ആരോപണങ്ങളാണ് കുറിപ്പിലുള്ളത്.